"ഭരണഭാഷ-മാതൃഭാഷ"

No.DWCD/5647/2025-PC1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 28-11-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി
വനിതാ ശിശു വികസന വകുപ്പ്

ബഹു വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സെക്രട്ടറിയേറ്റ് തിരുവനന്തപുരം

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- വിഷൻ 2031 ഡോക്യുമെന്റ് സമർപ്പിക്കുന്നത് സംബന്ധിച്ച്:-

സൂചന:- സർക്കാരിന്റെ 29.08.2025 തീയതിയിലെ സ. ഉ (കൈ) നം. 6/2025/I&PRD നം. ഉത്തരവ്

2031 ൽ കേരള സംസ്ഥാനം രൂപീകരിച്ചിട്ട് 75 വർഷം പൂർത്തിയാകുന്നതിനാൽ കേരളത്തിന്റെ കഴിഞ്ഞ കാല വളർച്ചയെ വിലയിരുത്തുന്നതിനുംഭാവി വികസന ലക്ഷ്യങ്ങൾ ആസൂത്രം ചെയ്യുന്നതിനും 2031 ൽ കേരളം എങ്ങനെയാകണമെന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും ആശയങ്ങൾ ശേഖരിക്കുന്നതിന് വിഷൻ 2031 എന്ന പേരിൽ സെമിനാർ സംഘടിപ്പിക്കാനും പ്രസ്തുത സെമിനാറിൽ ചർച്ച ചെയ്ത വിഷയങ്ങളും രൂപീകരിക്കപ്പെട്ട അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഒരു കരട് രേഖ (വിഷൻ 2031: ചർച്ച ചെയ്ത മേഖലയുടെ റിപ്പോർട്ട്) സർക്കാരിലേക്ക് സമർപ്പിക്കണമെന്നും സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന വകുപ്പിന്റെ സെമിനാർ 2025 ഒക്ടോബർ 16 ന് മലപ്പുറം തിരൂരിൽ ഉള്ള ബിയാംകോ കാസിൽ ഹാളിൽ വച്ച് സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സെമിനാറിൽ സ്ത്രീ ശാക്തീകരണ സംരക്ഷണ മേഖലയിലെയും ശിശു വികസനവും സുരക്ഷയും തുടങ്ങി മേഖലകളിലെയും വിദഗ്ദരായ പ്രതിഭകളെ ഉൾക്കൊള്ളിച്ച് ചർച്ച നടത്തുകയും അവരിൽ നിന്നും ആശയങ്ങൾ ശേഖരിക്കുകയും ആയത് ക്രോഡീകരിച്ച് തയ്യാറാക്കിയ വിഷൻ 2031 ഡോക്യുമെന്റ് മേൽ സൂചനയിലെ നിർദ്ദേശ പ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുന്നു.

## "വിഷൻ 2031"- വനിത ശിശു വികസന വകുപ്പ്

2031-ൽ കേരള സംസ്ഥാനം രൂപീകൃതമായിട്ട് 75 വർഷം ആകുന്നതിനാൽ കേരളത്തിന്റെ കഴിഞ്ഞകാല വളർച്ച വിലയിരുത്തുന്നതിനും ഭാവി വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും 2031-ൽ കേരളം എങ്ങനെയായിരിക്കണമെന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും ആശയങ്ങൾ ശേഖരിക്കുന്നതിനുമായി വിഷൻ 2031 എന്ന പേരിൽ സംസ്ഥാന സർക്കാർ വിവിധ ജില്ലകളിൽ സെമിനാറുകൾ സംഘടിപ്പിച്ചു.

അതിന്റെ ഭാഗമായി വനിത ശിശു വികസന വകുപ്പ് 2025 ഒക്ടോബർ 16ന് മലപ്പുറം ജില്ലയിലെ തിരൂരിലുള്ള ബിയാൻകോ കാസിൽ ഹാളിൽ വെച്ച് വകുപ്പിന്റെ നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ ചർച്ച ചെയ്യുന്നതിനും 2031-ൽ പ്രസ്തുത മേഖലയിൽ കൈവരിക്കേണ്ട വികസന ലക്ഷ്യങ്ങൾ, സുരക്ഷാ മാനദണ്ഡങ്ങൾ, ശാക്തീകരണ പദ്ധതികൾ, ശിശു വികസന സംരക്ഷണ രംഗത്തെ നൂതന സമീപനങ്ങൾ എന്നിവയെക്കുറിച്ച് വിശദമായ കർമ്മപരിപാടി തയ്യാറാക്കുന്നതിന് 4 വേദികളിലായി 4 വിഷയങ്ങളിൽ വിശദമായ സെമിനാറുകൾ സംഘടിപ്പിച്ചു. ( 1. വനിതാ ശാക്തീകരണം - തൊഴിൽ പ്രാതിനിധ്യം, 2. സ്ത്രീ സൗഹൃദ കേരളം, 3. ബാലസുരക്ഷിത കേരളം, 4. ശിശു വികസനം കേരള മാതൃക 2031 )

പ്രസ്തുത സെമിനാറിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് ബഹുമാനപ്പെട്ട ആരോഗ്യവും വനിത ശിശു വികസനവും വകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജ് അവർകളാണ്, പ്രസ്തുത പരിപാടിയിലേക്ക് സ്വാഗതം ആശംസിച്ചത് തിരൂർ നിയമസഭാ മണ്ഡലം എംഎൽഎയായ ശ്രീ കുറുക്കോളി മൊയ്തീൻ അവർകളാണ്, വകുപ്പിന്റെ കഴിഞ്ഞ ദശകത്തിലെ നേട്ടങ്ങൾ വിവരിച്ചത് ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ് പ്രിൻസിപ്പൽ സെക്രട്ടറി വനിത ശിശു വികസന വകുപ്പ് എന്നിവരുമാണ്.

### കഴിഞ്ഞ ദശകത്തിലെ നേട്ടങ്ങൾ

വനിത ശിശു വികസന വകുപ്പിന്റെ കഴിഞ്ഞ ദശകങ്ങളിലെ പ്രധാന പ്രവർത്തനങ്ങളും വനിത ശിശു വികസന മേഖലയിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങളുമാണ് പ്രിൻസിപ്പൽ സെക്രട്ടറി പ്രധാനമായും അവതരിപ്പിച്ചത്. കുട്ടികളുടെയും സ്ത്രീകളുടെയും സമഗ്ര ഉന്നമനത്തിന്റെ പ്രധാന സൂചകങ്ങൾ പരിശോധിക്കുമ്പോൾ കേരള സംസ്ഥാനത്തിൽ വനിതകളുടെയും ശിശുക്കളുടെയും അവസ്ഥ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണെന്നും ആയതിന് നിദാനമയത് കേരള സർക്കാർ സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിൽ പുലർത്തിവന്ന സൗഹൃദപരമായ സമീപനമാണ് എന്നും ആമുഖമായി പ്രിൻസിപ്പൽ സെക്രട്ടറി സൂചിപ്പിച്ചു. ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ്, ജെൻഡർ ഡെവലപ്മെന്റ് ഇൻഡക്സ്, നീതി ആയോഗിന്റെ വിവിധ പാരാമീറ്ററുകൾ എന്നിവ പരിശോധിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ സ്ഥാനം ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും മുന്നിലാണ് എന്നും പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ നൽകുന്ന പ്രാധാന്യം, ജെൻഡർ ആന്റ് ചൈൽഡ് സെൻസിറ്റീവ് പ്ലാനിംഗ്, വനിതകളുടെ രാഷ്ട്രീയ, സാമ്പത്തിക

മേഖലകളിലെ ശാക്തീകരണം, വനിതകളുടെ കമ്മ്യൂണിറ്റി മൊബിലൈസേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ നൽകിയിട്ടുള്ള പ്രാധാന്യമാണ് ഈ മുന്നേറ്റത്തിനു പ്രധാന കാരണമെന്നും സൂചിപ്പിച്ചു. തുടർന്ന് ഓരോ വിഷയത്തിലും കേന്ദ്രത്തിന്റെയും കേരളത്തിന്റെയും ശരാശരി അനുപാതം താരതമ്യം ചെയ്തുകൊണ്ട് വിശദമായി സംസാരിച്ചു. സംസ്ഥാന സർക്കാർ സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുന്നതിനായി ഓരോ വർഷവും നീക്കി വയ്ക്കുന്ന ബഡ്ജറ്റ് വിശദീകരിക്കുകയുണ്ടായി. ജന്റർ ബഡ്ജറ്റിനായി ആകെ 4840 കോടി രൂപയും കുട്ടികളുടെ ബഡ്ജറ്റിനായി 1713.26 കോടി രൂപയും നീക്കി വയ്ക്കുന്നുവെന്നും ആയത് ആകെ സംസ്ഥാന പ്ലാനിന്റെ 28 ശതമാനത്തോളം വരുമെന്നും സൂചിപ്പിച്ചു. വനിതകളുടെ ശാക്തീകരണത്തിനായുള്ള നയം , ട്രാൻസ് ജെൻഡർ നയം, നിർഭയ നയം, കുട്ടികളുടെ നയം ഉൾപ്പെടെ വനിതകളും കുട്ടികളുമായി ബന്ധപ്പെട്ട വിവിധ നയങ്ങളും ആയതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളും വിശദീകരിച്ചു.

വനിത ശിശു വികസന വകുപ്പിന് കീഴിൽ വനിതകളുടെ വികസനത്തിനും ശാക്തീകരണത്തിനും, സംരക്ഷണത്തിനും, കുട്ടികളുടെ വികസനത്തിനും, സംരക്ഷണത്തിനും ഉതകുന്ന വിവിധ തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നതായും പ്രിൻസിപ്പൽ സെക്രട്ടറി സൂചിപ്പിച്ചു. കുട്ടികളിലെ സ്വാഭാവിക പെരുമാറ്റ പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടെത്തി കുട്ടികൾ കുറ്റകൃത്യത്തിലേക്ക് പോകുന്നത് തടയുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന "ഔർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ" (ORC) പദ്ധതി, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസം മുൻനിർത്തി നടപ്പിലാക്കുന്ന കാവൽ പദ്ധതി, ലൈംഗീക അതിക്രമങ്ങളെ അതിജീവിച്ചതും ശ്രദ്ധയും പരിചരണവും ആവശ്യമായതുമായ കുട്ടികളുടെ പുനരധിവാസത്തിനായുള്ള കാവൽ പ്ലസ് പദ്ധതി, കുട്ടികളുടെ കുടുംബധിഷ്ഠിത പുനരധിവാസം ഉറപ്പാക്കുന്ന "കുടുംബാധിഷ്ഠിത ബദൽ പരിചരണം", കുട്ടികളുടെ ധനസഹായ പദ്ധതിയായ "ബാലനിധി", പാരന്റിംഗ് വിഷയത്തിൽ കുടുംബങ്ങളെ പിന്തുണയ്ക്കുന്നതിനായി നടപ്പിലാക്കുന്ന "പാരന്റിംഗ് ക്ലിനിക്കുകൾ", കുട്ടികൾക്ക് നൽകുന്ന ആഫ്റ്റർ കെയർ സേവനങ്ങൾ, കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള പ്രത്യേക ധന സഹായ പദ്ധതി, കുട്ടികൾക്ക് അടിയന്തിര സഹായം നൽകുന്നതിനുള്ള സേവനമായ ചൈൽഡ് ഹെല്പ് ലൈൻ (1098), വയനാട് ഉരുൾ പൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള പ്രത്യേക ധനസഹായം എന്നിവ ഉൾപ്പെടെ കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കുന്ന ഓരോ പദ്ധതികളും പ്രത്യേകം വിശദീകരിച്ചു.

ശിശു വികസനവുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കി വരുന്ന, പോഷകബാല്യം, അങ്കണവാടികളിലെ പരിഷ്കരിച്ച മാതൃക ഭക്ഷണ മെനു, ആദ്യ 1000 ദിന പരിപാടി, ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ, കുട്ടികളുടെ ഗ്രോത്ത് മോണിട്ടർ ചെയ്യുന്നതിനുള്ള കുഞ്ഞൂസ് കാർഡ്, അങ്കണപ്പൂമഴ എന്ന പ്രായാനുസൃതമായ പ്രവർത്തന പുസ്തകം, ഗോത്ര ഭാഷയിൽ തയ്യാറാക്കിയ പ്രീ

സ്കൂൾ പുസ്തകങ്ങൾ, ജെൻഡർ ഓഡിറ്റിംഗ് പൂർത്തിയാക്കിയ പ്രായനുസൃതമായ പ്രവർത്തന പുസ്തകം, കൗമാരപ്രായക്കാരായ കുട്ടികളുടെ ശാരീരികവും മാനസീകവുമായ ഉന്നമനം ലക്ഷ്യമിട്ട് കൊണ്ട് "വർണ്ണക്കൂട്ട്" എന്ന കൗമാര ക്ലബ്ബുകൾ, കിളി കൊഞ്ചൽ എന്ന ഓൺലൈൻ പാഠ്യപദ്ധതി, പ്രീ സ്കൂൾ തീം അധിഷ്ഠിത ബുക്ക് ലെറ്റ് പ്രിന്റിംഗ് എന്നിവയെ കുറിച്ച് വിശദീകരിച്ചു.

തുടർന്ന്, വനിത സംരക്ഷണവുമായി ബന്ധപ്പെട്ട്, നിർഭയ പോളിസി, പോക്സോ അതിജീവിതരായ കുട്ടികൾക്കുള്ള 23 ഹോമുകൾ, അതിക്രമങ്ങൾ അതി ജീവിച്ച കുട്ടികൾക്കുള്ള ആശ്വാസനിധി, കുട്ടികളുടെ പുനരധിവാസത്തിനായുള്ള കാവൽ പ്ലസ് പദ്ധതി, കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിനായി ആയോധന കലകൾ പരിശീലിപ്പിക്കുന്ന ധീര പദ്ധതി, പോഷ് പോർട്ടലിൽ എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ പ്രവർത്തനങ്ങൾ ഉൾപ്പെടെ വളരെ വിശദമായ അവതരണം നടത്തി.

വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട്, ഗാർഹീക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്ത്രീധന നിരോധന നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കാതോർത്ത് പദ്ധതി, പൊൻവാക്ക് പദ്ധതി, സാന്ത്വനം, വിവിധ കൗൺസലിംഗ് സേവനങ്ങൾ, വനിതകൾക്കുള്ള ധനസഹായ പദ്ധതികൾ, മംഗല്യ, അഭയകിരണം, സഹായ ഹസ്തം, പടവുകൾ, വിദ്യാധനം, എന്റെ കൂട് ഉൾപ്പെടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ വകുപ്പ് നടത്തിവരുന്നതായി പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

കേരളത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി വളരെ ആസൂത്രിതമായ പ്രവർത്തനങ്ങൾ ദീർഘവീക്ഷണത്തോടെ നടപ്പിലാക്കി വരുന്ന സർക്കാരുകൾ ഉള്ളതുകൊണ്ടാണ് കേരളം ഇക്കാര്യത്തിൽ ഏറെ മുന്നിൽ നിൽക്കുന്നത് എന്നും 2031 ആകുമ്പോഴേക്കും വനിതകൾക്കും കുട്ടികൾക്കും ഏറ്റവും സൗഹൃദപരമായ സംസ്ഥനമായി മാറ്റുന്നതിനുള്ള ചുവടുവപ്പാണ് നാം നടത്തികൊണ്ടിരിക്കുന്നത് എന്നും സൂചിപ്പിച്ചുകൊണ്ട് വിഷയാവതരണം അവസാനിപ്പിച്ചു.

**ഉദ്ഘാടന പ്രസംഗം - ബഹുമാനപെട്ട വനിത ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജ്**

2031-ൽ കേരള സംസ്ഥാനം രൂപീകൃതമായിട്ട് 75 വർഷം പൂർത്തിയായാകും. ചരിത്രത്തിന്റെ പ്രധാനപ്പെട്ട ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ ഇപ്പോൾ കടന്ന് പോയി കൊണ്ടിരിക്കുന്നത്. 2031-ൽ കേരളം എങ്ങനെയായിരിക്കണം, എന്താണ് നമ്മുടെ കാഴ്ചപ്പാട്, എന്താണ് നമ്മുടെ സ്വപ്നങ്ങൾ, എവിടെയാണ് നമ്മൾ ഇപ്പോൾ എത്തി ചേർന്നിരിക്കുന്നതെന്നും ഇനിയും എങ്ങനെയാണ് നമ്മൾ മുന്നോട്ട് പോകേണ്ടത് എന്നതിനെ കുറിച്ച് വളരെ വിശദമായി മന്ത്രി വിശദീകരിച്ചു.

നിയമ നിർമ്മാണ സഭകൾ പാസാക്കിയിട്ടുള്ള ജനകീയമായിട്ടുള്ളതും വിപ്ലവകരങ്ങളായിട്ടുള്ളതുമായ നിയമ നിർമ്മാണങ്ങളിലൂടെയാണ് സാമൂഹ്യ മുന്നേറ്റങ്ങൾ ഉണ്ടായിട്ടുള്ളത് എന്ന് സൂചികകൾ പരിശോധിച്ചാൽ മനസിലാക്കുമെന്നും, സാർവത്രിക വിദ്യാഭ്യാസ

നിയമം മുതൽ ഭൂമിക്ക മേലുള്ള മനുഷ്യന്റെ അവകാശം സംബന്ധിച്ച് നിയമം പോലുള്ള ദീർഘ വീക്ഷണത്തോടെയുള്ള നിയമ നിർമ്മാണങ്ങളാണ് വിദ്യാഭ്യാസ മുന്നേറ്റത്തിനും, സാമൂഹിക മുന്നേറ്റത്തിനും സാധ്യമായത്. ഏത് സമൂഹത്തെ സംബന്ധിച്ചിടത്തോളവും ആ സമൂഹത്തിലെ പുരോഗമനം അല്ലെങ്കിൽ ആ സമൂഹം എന്താണെന്ന് അടയാളപ്പെടുത്തുന്നത്, ആ സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനവും സ്ത്രീകളോടുള്ള സമീപനവുമാണ്. 2031 ലെ കേരളം എങ്ങനെയായിരിക്കണം, പൊതുവായ സാമൂഹ്യ മുന്നേറ്റങ്ങൾ, സ്ത്രീ സമൂഹം, പുരുഷ സമൂഹം കുട്ടികൾ എങ്ങനെയായിരിക്കണം എന്തൊക്കെ നയപരമായ ഇടപെടലുകൾ മാറ്റങ്ങൾ എന്തൊക്കെ ആവശ്യങ്ങൾ എന്ന് മനസിലാകുന്നതിനാണ് ഈ സെമിനാർ നടത്തുന്നത്.

ജൻഡർ ഓഡിറ്റിംഗ് ജൻഡർ ബഡ്ജറ്റിങ് എന്നിവ പ്രാവർത്തികമാകിയിട്ടുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ സുസ്ഥിര വികസനം ഉറപ്പ് വരുത്തുന്നതിന് ജനസഖ്യയുടെ 52 ശതമാനം വരുന്ന സ്ത്രീകളുടെ ശാക്തീകരണം, ക്ഷേമം, അതു പോലെ തന്നെ സമത്വം, സാമൂഹിക നീതി എന്നിവ ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങളിലെ വിടവുകൾ കണ്ടെത്തി കൂടുതൽ ഫലപ്രദമാക്കി നടപ്പിലാക്കും.

കേരളത്തിൽ പരാതികൾ റിപ്പോർട്ടിങ് വളരെ കൂടുതലാലാകുന്നത്, ജനങ്ങൾക്ക് അവരുടെ അവകാശങ്ങളെ സംബന്ധിച്ച നല്ല രീതിയിലുള്ള ധാരണ ഉള്ളത് കൊണ്ടാണ്. ഗാർഹിക പീഡന പരാതികൾ വളരെ ഫലവത്തായി നടപ്പിലാകുന്നതിന് സംസ്ഥാനത്ത് 77 സർവീസ് പ്രൊവൈഡേഴ്സ് പ്രവർത്തിക്കുന്നു. ആഭ്യന്തര വകുപ്പ് എല്ലാ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുകയും, ആഴ്ചയിൽ ഒരു ദിവസമെങ്കിലും പോലീസ് ജനങ്ങളിലേക്ക് ഇറങ്ങി ചെന്ന് അവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. സ്ത്രീ ശാക്തീകരണം ഉറപ്പ് വരുത്തുന്നതിന് പോലീസ് സേനയിൽ സ്ത്രീ സാന്നിധ്യം വർദ്ധിപ്പിച്ചിട്ടുള്ളതും, 2017 സെല്ഫ് ഡിഫെൻസ് ട്രെയിനിങ്ങിനു വേണ്ടി ഒരു പ്രത്യേക ബറ്റാലിയൻ തന്നെ രൂപികരിച്ചതും കേരള സംസ്ഥാനം സ്ത്രീകൾക്ക് നേരെയും കുട്ടികൾക്കെതിരെയുമുള്ള അതിക്രമങ്ങളിൽ zero tolerance സമീപനമായിരിക്കും എന്നും വ്യക്തമാക്കി. ഗാർഹിക അതിക്രമം നേരിടുന്ന സ്ത്രീയ്ക്ക് വൺ സ്റ്റോപ്പ് സെന്ററുകളും, സർവീസ് പ്രൊവൈഡിങ് സെന്ററുകളും മഹിളാ മന്ദിരങ്ങളും മറ്റും ഉണ്ടെങ്കിലും അവിടെ നിന്നും സേവനം ലഭിക്കുന്ന സ്ത്രീകൾക്ക് പിന്നീട് എന്ത് സംഭവിക്കുന്നു എന്നത് മനസിലാകുന്നതിന് ഒരു ഫോളോ അപ്പ് സംവിധാനവും, അവർക്ക് ആവശ്യമെങ്കിൽ തൊഴിൽ ലഭിക്കുന്നതിന് വേണ്ടി സ്കില്ലിങ്, upskilling സേവനങ്ങൾ നൽകുന്നതിന് വേണ്ടി ഒരു പദ്ധതി, വനിത ശിശു വികസന വകുപ്പ് വളരെ അടുത്ത തന്നെ രൂപികരിക്കുന്നതാണ്. അതിക്രമം നേരിട്ട മുഴുവൻ സ്ത്രീകൾക്കും സ്വന്തം കാലിൽ നിൽക്കുവാൻ തക്കവണ്ണം അവരെ പ്രാപ്തരാക്കുക എന്നുള്ളതാണ് 2031 ആകുമ്പോഴേക്കും വകുപ്പ് ലക്ഷ്യമിടുന്നത്.

തൊഴിലിടത്ത് സ്ത്രീകൾക്കെതിരെ ഉള്ള അതിക്രമങ്ങൾ തടയുന്നതിന് POSH ആക്ട് നിലവിലുള്ളതും, സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഓഫീസുകളിലും POSH ആക്ട് പ്രകാരമുള്ള IC-കൾ രൂപീകരിക്കപ്പെട്ടതിന്റെ പ്രഖ്യാപനം 2025 മാർച്ച് 8-ന് നടത്തിയിട്ടുള്ളതും, മറ്റ് തൊഴിൽ

മേഖലകളിലേക്കും ഇത് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ വകുപ്പ് ഊർജിതമായി സ്വീകരിച്ചു വരുന്നുണ്ട്. 2021-ൽ വകുപ്പ് POSH ആക്റ്റ് പോർട്ടൽ രൂപീകരിച്ചിട്ട് ഉണ്ടെന്നും, കൃത്യമായി പരാതികളിൻ മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ മോണിറ്ററിങ് ചെയ്യുവാനും ഈ നിയമം കൃത്യമായി നടപ്പിലാക്കുവാനും ഇത് വകുപ്പിനെ സഹായിക്കുന്നു.

സ്ത്രീധന നിരോധന നിയമവുമായി ബന്ധപ്പെട്ട് പരാതികൾ ബോധിപ്പിക്കുവാൻ റീജിയണൽ ഓഫീസേഴ്സ് മാത്രമായിരുന്നത്, ഇന്ന് ജില്ലാ അടിസ്ഥാനത്തിൽ ഓഫീസറെ വകുപ്പ് നിയോഗിച്ചിട്ടുണ്ട്. എന്നാൽ ഈ നിയമ പ്രകാരം പരാതികൾ വളരെ കുറച്ച് മാത്രമേ ലഭിക്കുന്നു എന്നുള്ളതും, സമൂഹത്തിൽ ഈ അനാചാരം നിലനിൽക്കുന്നുണ്ട് എന്നുള്ളതും വളരെ വേദനാജനകമായ വസ്തുതയാണെന്നതും, കേരളത്തിന്റെ പൊതു ബോധം ഇതിനെതിരെ വളരെ ജാഗ്രതയോടു കൂടെ മുന്നേറേണ്ടതുണ്ട് എന്നും അതിനായി ബോധവത്കരണ പരിപാടികൾ ജില്ലാ ഓഫീസറിന്റെ നേതൃത്വത്തിൽ ഫലപ്രദമാക്കി നടപ്പിലാക്കും.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആൺകുട്ടികളെക്കാൾ പെൺകുട്ടികളാണ് കൂടുതലായും പഠിക്കുന്നത്, എന്നാൽ തൊഴിൽ മേഖലയുടെ കാര്യങ്ങൾ പരിശോധിക്കുമ്പോൾ നേരെ വിപരീതാണ് അവസ്ഥ. എന്തു കൊണ്ടാണ് ഇത്തരത്തിലുള്ള കൊഴിഞ്ഞു പോക്ക് ഈ മേഖലയിൽ സംഭവിക്കുന്നത് എന്ന് പഠന വിധേയമാക്കി അതിനു പരിഹാരമാർഗമായി തൊഴിൽ ഇടങ്ങളിൽ സ്ത്രീ സാന്നിധ്യം വർധിപ്പിക്കുന്നതിന് വേണ്ടിയുള്ള ഇടപെടലുകൾ വനിതാ ശിശു വികസന വകുപ്പ് നടത്തുന്നതാണ്. പലപ്പോഴും സ്ത്രീകൾക്ക് പല കാരണങ്ങൾ കൊണ്ട് ക്യാരിയർ ഗാപ് ഉണ്ടാകുന്നുണ്ട് അതിനെ മറികടക്കുവാൻ വനിതാ വികസന കോർപറേഷനിലൂടെ സ്ത്രീകൾക്ക് സ്കില്ലിങ്, അപ്പ് സ്കില്ലിങ്, ക്രോസ് സ്കില്ലിങ് പ്രോഗ്രാമുകൾ നടത്തി അവരെ തൊഴിൽ മേഖലയിലേക്ക് നിലവിൽ കൊണ്ടു വരുന്നുണ്ട്. ഇത്തരത്തിലുള്ള സ്കില്ലിങ് പ്രോഗ്രാമുകൾ സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള സ്ത്രീകളിലേക്ക് എത്തിക്കുവാനുള്ള പരിശ്രമം ഉണ്ടാകും. എല്ലാ തൊഴിലിടങ്ങളിലും അത് പോലെ തദ്ദേശസ്ഥാപനങ്ങളിലും 2031-യോടെ നിയമ പ്രകാരം ക്രഷ് (creche') സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കും. വനിതാ ഹോസ്റ്റലുകൾ എല്ലാ ജില്ലകളിലും കൊണ്ടുവരും അവിടെ നിലവിലുള്ള ഹോസ്റ്റലുകളിൽ ഉള്ളത് പോലെ തന്നെ 12 വയസു വരെ ഉള്ള കുട്ടികളെ കൂടെ താമസിപ്പിക്കുവാൻ സാധിക്കുന്നത് കൂടാതെ എല്ലാ വനിതാ ഹോസ്റ്റലുകളിലും ക്രഷ് സ്ഥാപിക്കും. അതോടൊപ്പം ക്രഷ് നയം രൂപീകരിക്കുകയും ചെയ്യും. ഓരോ വീട്ടിലും ഒരു സ്ത്രീ എങ്കിലും 2031-യോടെ തൊഴിൽ മേഖലയിൽ ഉണ്ടാകും എന്ന് സർക്കാർ ഉറപ്പ് വരുത്തുന്നതുമായിരിക്കും.

സ്ത്രീകളുടെ മാനസിക ശാരീരിക ആരോഗ്യവുമായി ബന്ധപ്പെട്ട് പറയുമ്പോൾ രാജ്യത്തിൻറെ പൊതുസ്ഥിതി പരിശോധിച്ചാൽ നാല്പത് ശതമാനത്തിൽ കുറവ് അനീമിയുള്ള സംസ്ഥാനം കേരളം മാത്രമാണ്. എന്നിരുന്നാലും അത് കുറച്ചു കൊണ്ട് വരുന്നതിന് വനിത ശിശു വികസന വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും ആരോഗ്യവകുപ്പും സംയോജിച്ച് വളരെ വിപുലമായ പരിപാടികൾ നടത്തി ഇപ്പോൾ നിലനിൽക്കുന്ന 37% അനീമിയ എന്നുള്ളത് കുറച്ച് കൊണ്ടു

വരുന്നതായിരിക്കും. കേരളത്തിൽ റോഡ് അപകടങ്ങളിൽ മരണപ്പെടുന്നതിനേക്കാൾ കൂടുതൽ സ്ത്രീകൾ മരണപ്പെടുന്നത് സ്തനാർബുദം ബാധിച്ചിട്ടാണ്. സ്തനാർബുദത്തെയും മറ്റ് ജീവിതശൈലി രോഗങ്ങളെയും ആദ്യഘട്ടത്തിൽ തന്നെ തിരിച്ചറിയുന്നതിനു വേണ്ടിയുള്ള പരിശോധന നടത്തുവാൻ സ്ത്രീകൾ തയ്യാറാകണമെന്നും, തുടക്കത്തിലേ രോഗം തിരിച്ചറിഞ്ഞാൽ പൂർണമായും രോഗമുക്തി നേടുവാൻ സാധിക്കും. സ്വന്തം ജീവിതത്തിൽ (me time) അല്പം സമയം സ്വയം ചെലവഴിക്കുവാൻ കണ്ടെത്തണമെന്നും, ആരോഗ്യമുള്ള ശരീരം ഉണ്ടെങ്കിൽ മാത്രമേ ആരോഗ്യമുള്ള മനസ്സും കാര്യങ്ങൾ ചെയ്യുവാനുള്ള ഊർജവും ഉണ്ടാവുകയുള്ളൂ എന്ന് സ്ത്രീകളെ ഓർമ്മപ്പെടുത്തി. 2023 മുതൽ എല്ലാ ജനകിയ ആരോഗ്യ കേന്ദ്രത്തിലും സ്ത്രീ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. അവിടെ മാനസിക പിന്തുണ ക്ലിനിക്കുകൾ കൂടെ ആരംഭിക്കും. സ്ത്രീകൾക്കായി വ്യായാമ ഇടങ്ങൾ സ്ഥാപിക്കും, ആയുഷ് ആരംഭിച്ച യോഗ ക്ലബ്ബുകളിൽ സ്ത്രീകളുടെ സാന്നിധ്യം വളരെ വലുതാണ്.

ദുരന്തനിവാരണ രംഗത്ത് (Disaster Management) പ്രവർത്തിക്കുവാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിന് പദ്ധതികൾ രൂപീകരിക്കും. ദുരന്തമുണ്ടായാൽ അതിനെ നേരിടാനുള്ള തയ്യാറെടുപ്പുകൾ, ദുരന്താനന്തര രക്ഷാപ്രവർത്തനം, അതിൽനിന്നും കരകയറാനുള്ള പദ്ധതികൾ എന്നിവ ഉൾപ്പെടുത്തി പദ്ധതിയും നയവും രൂപീകരിക്കും. പൊതു ഇടങ്ങളും സ്ത്രീ സുരക്ഷിതവും, സ്ത്രീ സൗഹാർദ്ദവും ആക്കുന്നതിന് ജൻഡർ സെൻസിറ്റീവ് സിറ്റി പ്ലാനിംഗ് നടപ്പിലാക്കുവാൻ ജൻഡർ പാർക്കും UN വുമണും ചേർന്ന് നയം രൂപീകരിക്കും. സ്കൂൾ കുട്ടികളെ "Self-defence" 'ആത്മരക്ഷ' അല്ലെങ്കിൽ 'സ്വയം പ്രതിരോധം' എന്നിവ അഭ്യസിപ്പിക്കുന്ന "ധീര പദ്ധതി" വിദ്യാഭ്യാസ വകുപ്പിനോടും തദ്ദേശസ്വയംഭരണ വകുപ്പിനോടും ചേർന്ന് എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കും. ഈ പദ്ധതിയിലൂടെ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും, പ്രതിസന്ധികളെ തരണം ചെയ്യുവാനും മാനസികാരോഗ്യം മെച്ചപ്പെടുത്തുവാനും, ആത്മാഭിമാനം സംരക്ഷിച്ചുകൊണ്ട് സധൈര്യം മുന്നേറുവാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യും.

ബാലസുരക്ഷിത കേരളം എന്ന ആശയത്തിലേക്ക് എത്തുന്നതിലെക്കായി ഒരു ഡോക്യുമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ ഡോക്യുമെന്റ് പ്രകാരമുള്ള നിർദേശങ്ങൾ എല്ലാ വകുപ്പും നടപ്പിലാക്കുന്നുണ്ടെന്നുള്ളത് ഉറപ്പ് വരുത്തുന്നതിന് വനിത ശിശു വികസന വകുപ്പ് കൃത്യമായ ഇടവേളകളിൽ റിവ്യൂ നടത്തി പുരോഗതി റിപ്പോർട്ട്, ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്ക് സമർപ്പിക്കുമെന്നും, വീടുകളിൽ, സ്കൂളുകളിൽ, പൊതു ഇടങ്ങളിൽ 2031 ആകുമ്പോഴേക്കും ബാല സുരക്ഷിത കേരളം ആയിരിക്കും എന്ന ഉറപ്പ് നൽകി.

കുട്ടികളുടെ മാനസികവും ആരോഗ്യവും ഭൗതികവുമായിട്ടുള്ള വളർച്ചയെ മോണിറ്റർ ചെയ്യുന്നതിനായി 1000 ദിനം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് എന്നും പോഷകാഹാരം എന്നുള്ളതാണ് ഓരോ കുട്ടിയുടെയും അവകാശമാണെന്നും അത് കുട്ടിക്ക് എത്തിച്ചു കൊടുക്കുക എന്നുള്ളത് വകുപ്പിന്റെ ഉത്തരവാദിത്വം ആയതു കൊണ്ട് തന്നെ അംഗണവാടികളിൽ മുട്ടയും പാലും ലഭ്യമാക്കുന്നുവെന്നും 2031-ൽ അംഗണവാടികൾ കൂടുതൽ ശിശു സൗഹാർദ്ദപരമാക്കുകയും ചെയ്യും. കൂടാതെ

അംഗണവാടികളെ ആധുനികവൽക്കരിക്കുയും, ശാക്തീകരിക്കുയും ചെയ്യും എന്നും കേരളത്തിലെ ശിശു മരണ (ഇൻഫന്റ് mortality) നിരക്ക് 5% -മാണ് എന്നും, അത് ലോകത്തിലെ തന്നെ ഏറ്റവും കുറഞ്ഞ നിരക്ക് ആണെങ്കിലും ശിശു മരണം ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ് എന്നും ഉറപ്പ് നൽകി.

സ്ഥാപനവാസം ആവശ്യമായി വരുന്ന സ്പെഷ്യൽ നീഡ്സ് കുട്ടികൾക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കും. കാവൽ, കാവൽ പ്ലസ് പദ്ധതികൾ വളരെ പ്രശംസ ഏറ്റുവാങ്ങിയ പദ്ധതികളാണ്. ഫോസ്റ്റർ കെയർ പദ്ധതിയെ കുറിച്ച് കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കേണ്ടതിന്റെ ആവശ്യകതയും കുട്ടികൾ വളരേണ്ടത് കുടുംബാന്തരീക്ഷത്തിലാണ് എന്നും, കുട്ടികൾ താമസിക്കുന്ന എല്ലാ ബാലസംരക്ഷണ സ്ഥാപനങ്ങളിലും 2031 ആകുമ്പോഴേക്കും ഏറ്റവും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ട് മെച്ചപ്പെട്ട രീതിയിലേക്ക് മാറ്റേണ്ടത് ഉണ്ട് എന്നും അതിനു വേണ്ട പരിശ്രമങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും എന്നും ഉറപ്പ് നൽകി.

കേരളത്തിലെ 152 ബ്ലോക്കുകളിലും പാരന്റിങ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട് അതിലൂടെ നല്ല രീതിയിലുള്ള പേരന്റിംഗ് ടെക്നിക്സ് പരിചയപ്പെടുത്തുകയും മാതാപിതാക്കൾക്ക് കുട്ടികളെ വളർത്തി കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും സാധിക്കുകയും ചെയ്യും. സ്വകാര്യത കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ വികേന്ദ്രീകരിക്കുന്നതിനുമായി ഓൺലൈൻ പാരന്റിങ് ക്ലിനിക്കുകൾ കൂടി 2031 ഓടുകൂടി ആരംഭിക്കുന്നതാണ്. സ്കൂൾ ഹെൽത്തിന്റെ ഭാഗമായി ആരംഭിച്ച സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ സേവനത്തെ അഭിനന്ദിക്കുകയും, കുട്ടികളെ തന്നെ ഹെൽത്ത് അംബാസിഡർമാർ ആകുന്നതിനെ സംബന്ധിച്ചും, വനിത കമ്മീഷന്റെയും ബാലാവകാശ സംരക്ഷണ കമ്മീഷന്റെയും പ്രവർത്തനത്തെ പ്രശംസിക്കുകയും, എല്ലാ വകുപ്പുകളുടെയും ഏകോപനത്തോട് കൂടി എല്ലാ പദ്ധതികളും ജനങ്ങളിലേക്ക് എത്തിക്കേണ്ടത് ആണെന്ന് പറയുകയും വളരെ വിശാലമായ ആശയം കൂടി മുന്നിലേക്ക് വച്ചുകൊണ്ട് സെമിനാർ മന്ത്രി ഉദ്ഘാടനം ചെയ്തു.

<u>സെക്ഷൻ - 1</u>

<u>വനിത ശാക്തീകരണം - തൊഴിൽ പ്രാതിനിധ്യം</u>

വനിത ശാക്തീകരണം - തൊഴിൽ പ്രാതിനിധ്യം എന്ന ദീർഘവീക്ഷണം ആവശ്യമുള്ള വിഷയത്തിന്റെ മോഡറേറ്റർ വനിതാ വികസന കോർപ്പറേഷൻ എംഡി ശ്രീമതി റോസക്കുട്ടി ടീച്ചറായിരുന്നു. ഈ വിഷയത്തിന് കീഴിൽ നാല് വിഷയങ്ങളാണ് ചർച്ചക്കായി എടുത്തിരുന്നത്. സ്ത്രീകളും തൊഴിൽ രംഗവും നവ കേരളത്തിലേക്ക് എന്ന ആദ്യ വിഷയം അവതരിപ്പിച്ചത് ഡോ. എം.ജി. മല്ലികയും, രണ്ടാമത്തെ വിഷയമായ നവ കേരളത്തിലെ വൈദഗ്ധ്യ പരിശീലനം എന്ന വിഷയം കൈകാര്യം ചെയ്തത് ശ്രീമതി. വി. സി. ബിന്ദുവും, മൂന്നാമത്തെ വിഷയമായ വനിതകളുടെ സാമ്പത്തിക സ്വാശ്രയത്വം എന്ന വിഷയം അവതരിപ്പിച്ചത് ഡോ. ക്രിസ്റ്റാബെലും, നാലാമത്തെ വിഷയമായ സ്ത്രീ സൗഹൃദപരമായ തൊഴിലിടം എന്ന വിഷയം അവതരിപ്പിച്ചത് ഡോ. അനീഷ്യ

ജയദേവ് എന്നിവരുമാണ്.

2031-ഓടെ സ്ത്രീ ശാക്തീകരണത്തിനും, സാമ്പത്തിക ശാക്തീകരണത്തിനും, സ്ത്രീ മുന്നേറ്റത്തിനും, സ്ത്രീകൾ സ്വയം പര്യപ്തതയിലേക്ക് എത്തുന്നതിനും അവരെ തൊഴിൽ രംഗത്തേക്ക് കാലത്തിനൊത്ത് സ്കില്ലിങ് ചെയ്ത് എത്തിക്കുക, തൊഴിലിടം സ്ത്രീ സൗഹാർദ്ദവും, ഉൾച്ചേർക്കുന്നതുമാവുക എന്നതാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ഇതിനായി വിദഗ്ദരുടെ അഭിപ്രായങ്ങളും അനുഭവങ്ങളും ക്രോഡീകരിക്കാനായി വനിത ശിശു വികസന വകുപ്പ് സംഘടിപ്പിച്ച വിഷന് 2031 വികസന സെമിനാറിൽ ഡോക്യുമെന്റ് ചെയ്യപ്പെട്ട വിഷയങ്ങളും സമഗ്ര സമീപനവുമാണ് 'വിഷൻ 2031' മുന്നോട്ടു വയ്ക്കുന്നത്.

ഡോ.മല്ലിക - സ്ത്രീകളും തൊഴിൽ രംഗവും നവ കേരളത്തിലേക്ക്

1. ഇന്ത്യൻ ശരാശരിയെക്കാൾ കുറവാണ് കേരളത്തിലെ തൊഴിൽ പങ്കാളിത്തം എന്നത് ശരിയാണോ ?
2. സർക്കാർ നയങ്ങൾക്ക് കൃത്യമായ രീതിയിൽ സ്ത്രീ തൊഴിൽ പങ്കാളിത്തം ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ ? ഇല്ലെങ്കിൽ എന്തുകൊണ്ട് ?
3. ഉൾച്ചേർക്കൽ വികസനം (Inclusive development) എങ്ങനെ പ്രാപ്തമാക്കാം ?
4. 2031 ൽ ഓരോ വീട്ടിലും ഒരു സ്ത്രീ തൊഴിലാളി എന്ന രീതിയിൽ മാറണമെങ്കിൽ എന്തായിരിക്കണം നമ്മുടെ വിഷൻ - അവരുടെ അവതരണത്തിൻറെ പൊരുൾ ഇങ്ങനെ സംഗ്രഹിക്കാം —

തൊഴിൽ പ്രാതിനിധ്യം രണ്ടുതരത്തിലുണ്ട് — ശാക്തീകരണത്തിൻറ ഭാഗമായി തൊഴിൽ രംഗത്ത് വന്നവരും അതിജീവനത്തിൻറെ ഭാഗമായി തൊഴിൽ രംഗത്ത് വന്നവരുമാണത്. അഖിലേന്ത്യാ തലത്തിൽ 55.4% വരുന്ന നിരക്ഷരരുടെ തൊഴിൽ പ്രാതിനിധ്യമാണ് കൂടുതലായുള്ളത്. അതിജീവനത്തിനു വേണ്ടിയുള്ള തൊഴിൽ പങ്കാളിത്തമാണ് നിരക്ഷരത കൂടുതലുള്ള ദേശീയതലത്തിലുള്ളത് അതിൻറെ പ്രത്യേകത എന്നത്, കുറഞ്ഞകൂലിക്ക് ഏറെ അധ്വാനമുള്ള വൈദഗ്ദ്യം ആവശ്യമില്ലാത്ത തൊഴിലാണ്.

മറിച്ച് കേരളത്തിൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ് എന്ന് പറയുമ്പോഴും അഭ്യസ്ത വിദ്യരുടെ ഏകദേശം 40% തൊഴിൽ പങ്കാളിത്തം കേരളത്തിലുണ്ട്. തൊഴിൽ ശക്തി പങ്കാളിത്തം കേരളത്തിൽ കുറവല്ല എന്നതാണിതു കാണിക്കുന്നത്-

മാത്രമല്ല കേരളത്തിൽ കുറഞ്ഞ കൂലിക്ക് നിൽക്കാൻ താത്പര്യമുള്ളവർ തൊഴിലന്വേഷകരുടെ ഇടയിൽ കുറവാണ്. സൗജന്യ റേഷൻ, സൗജന്യ വിദ്യാഭ്യാസം, സൗജന്യ ആരോഗ്യ സംവിധാനം എന്നിവ കേരളത്തിൽ ലഭ്യമാവുന്നതുകൊണ്ടുതന്നെ കുറഞ്ഞ കൂലിക്ക് തൊഴിലെടുക്കാൻ സ്ത്രീകൾ തയ്യാറാവില്ല. കേരളത്തിൽ ഗുണപരമായ തൊഴിൽ പങ്കാളിത്തമാണ് കൂടുതലായുള്ളത്- അതിൽ

പ്രത്യേകിച്ചും വിദ്യാസമ്പന്നരും നൈപുണിയുള്ളവരുടെയും തൊഴിൽ പങ്കാളിത്തമാണുള്ളത്. വികസനത്തിൻറെ രംഗത്ത് കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുമ്പോൾ ഇന്ത്യ നിൽക്കുന്നത് മൂന്നാം സ്ഥാനത്താണ്.

എങ്കിലും വിഷൻ 2031 ൻറെ ഭാഗമായി കേരളത്തിലെ എല്ലാ വീടുകളിലും ഒരു സ്ത്രീ തൊഴിലാളിയെങ്കിലും ഉണ്ടാവണം എന്ന തീരുമാനമെടുക്കേണ്ടതുണ്ട്. അങ്ങനെയാണെങ്കിൽ കൂടുതൽ നൈപുണിശേഷി സ്ത്രീകൾക്കു കൊടുത്ത് തൊഴിൽ രംഗത്തേക്ക് കൊണ്ടുവരേണ്ടതുണ്ട്- അവ ഏതൊക്കെ മേഖലകളിലാണ് വേണ്ടതെന്ന പഠനം നടത്തി മുന്നോട്ട് പോകേണ്ടതുണ്ട്.

ഇതേ രീതി സ്വയം തൊഴിലിലും / സംരംഭകത്വത്തിലും കാണാം. രണ്ടുതരം സംരംഭകത്വത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ട് – കൂലി ലഭിക്കുന്ന സംരംഭകത്വവും കുടുംബ ബിസിനസിൽ കൂലിയില്ലാതെ പണിയെടുക്കുന്ന രീതിയും. അത്തരത്തിലുള്ള സംരംഭകത്വം അഖിലേന്ത്യാതലത്തിൽ 66.6% ആയിരിക്കുമ്പോൾ കേരളത്തിലത് 33.9% മാത്രമാണ്. എങ്കിലും ഗാർഹിക വൃത്തിയും, സംരംഭകത്വവും ഒന്നിച്ച് കൊണ്ട് പോകുമ്പോൾ സ്ത്രീകൾ ഇരട്ട അധ്വാനത്തിന്റെ ചൂഷണത്തിനു വിധേയരാവുന്നുണ്ട്. ഇത്തരത്തിൽ ഗാർഹിക വൃത്തിക്കുവേണ്ടി സ്ത്രീകൾ ചിലവാക്കേണ്ടിവരുന്ന സമയം കൂടുതലായതുകൊണ്ടാണ് സ്ത്രീകൾ തൊഴിൽ രംഗത്ത് അധികമായി ദൃശ്യരാവാത്തത്. സ്ത്രീകളുടെ കൂലിയില്ലാത്ത ഗാർഹികാധ്വാനത്തെ സംസ്ഥാന സർക്കാരും സമൂഹവും പരിഗണിക്കണമെന്നും അതിനുള്ള സാമൂഹ്യ സംവിധാനങ്ങൾ നിലവിൽ വരുത്തി കൂടുതൽ സ്ത്രീകളെ തൊഴിൽ രംഗത്തേക്ക് കൊണ്ടുവരണമെന്നും അവർ സൂചിപ്പിച്ചു.

**വീ.സി. ബിന്ദു - നവ കേരളത്തിലെ വൈദഗ്ധ്യ പരിശീലനം**

സംരംഭകത്വം കേരളത്തിൽ നന്നായി തന്നെ മുന്നേറുന്നുണ്ട്. അതിനു വേണ്ട നൈപുണി പരിശീലനം കൊടുക്കുന്ന സ്ഥാപനങ്ങളും ഇന്ന് കേരളത്തിൽ വളർന്നിട്ടുണ്ട്, സർക്കാരിന്റെ പിന്തുണ ലഭിക്കുന്നുമുണ്ട്. അറിവ് എന്നതിനെ മൂലധനമായി കണ്ടുകൊണ്ട് അറിവുല്പാദനവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ഉണ്ടാവേണ്ടതുണ്ട്. വികസിത രാജ്യങ്ങളിലേക്ക് നമ്മുടെ തൊഴിൽ സേന പലായനം ചെയ്യുന്നത് നമ്മുടെ അറിവ് ഉപയോഗിച്ചാണ്. ആ അറിവ് ഇവിടെ തന്നെ ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ upskilling, reskilling, ക്രോസ് സ്കില്ലിംഗ് എന്നിവ നൽകിക്കൊണ്ട് വലിയ സംരംഭകത്വത്തിലേക്ക് നമ്മൾ പോകേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ ഇന്ന് നടക്കുന്നുണ്ട്, അതിനെ കൂടുതൽ ത്വരിതപ്പെടുത്തേണ്ടത് ആവശ്യമാണ്.

**ഡോ.ക്രിസ്റ്റാബെൽ - വനിതകളുടെ സാമ്പത്തിക സ്വാശ്രയത്വം**

കേരളത്തിൽ അതുകൊണ്ടുതന്നെ സംരംഭകത്വത്തിൻറെ രീതിയിൽ വൈവിധ്യത്തിൽ മാറ്റം വരണം. കൂടുതൽ സാമ്പത്തിക /ശാസ്ത്ര സാങ്കേതിക വിദ്യ /എഞ്ചിനീയറിംഗ് സമ്പത്തിൽ, ഊർജ രംഗങ്ങളിൽ ഒക്കെത്തന്നെ വളർന്നു വരേണ്ടതുണ്ട്. ഇത്തരം പുതിയ രംഗത്തുള്ള നൈപുണി ആർജ്ജിച്ച് പുതിയതലത്തിലേക്ക് സംരംഭകത്വത്തെ മാറ്റേണ്ടതുണ്ട്. അതിനു സർക്കാരിന്റെ പിന്തുണ

ആവശ്യമാണ്. പെൺകുട്ടികൾ പുതിയ കാര്യങ്ങൾ പഠിക്കാനും തൊഴിലെടുക്കാനും സന്നദ്ധരാണ് എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് പുതിയ മേഖലകൾ കീഴടക്കേണ്ടതുണ്ട്.

അനിഷ്യ ജയദേവ്:- സ്ത്രീ സൗഹൃദപരമായ തൊഴിലിടം

തൊഴിലിടം എന്നതിനെ പുനർ നിർവചിക്കേണ്ടതുണ്ട്. സ്ത്രീകൾക്ക് സഹായകമായി പതിനൊന്നിലധികം തൊഴിൽ നിയമങ്ങൾ നിലവിൽ ഉണ്ട്. തൊഴിൽ നിയമങ്ങൾ പറയുന്ന രീതിയിൽ തൊഴിലിടം തികച്ചും സ്ത്രീ സൌഹാർദ്ദമാകണം. തൊഴിൽ ജന്യ രോഗങ്ങളെക്കുറിച്ച ചർച്ചകൾ വേണം. അത് പഠിക്കാനുള്ള സംവിധാനം വേണം. എല്ലാ തൊഴിലിനും അതിന്റേതായ പ്രശ്നങ്ങളുണ്ട്. അതിനെ തരണം ചെയ്യുവാൻ നമുക്ക് കഴിയണം. അതുപോലെ തൊഴിൽ രംഗം സ്ത്രീകളെ ഉൾക്കൊള്ളാൻ പറ്റുന്ന വിധത്തിൽ മാറേണ്ടതുണ്ട്. പൊതു ഇടം എന്നരീതിയിൽ വളരെ സുരക്ഷിതമായിരിക്കേണ്ട ഇടമായി തൊഴിലിടം മാറണം. POSH Act പറയുന്ന രീതിയിൽ പീഡനങ്ങളില്ലാതെ, സമാധാനത്തോടെ പണിയെടുക്കാൻ കഴിയുമ്പോൾ മാത്രമേ ഉത്പാദന ക്ഷമത കൈവരിക്കാൻ കഴിയൂ. അതിനുള്ള അന്തരീക്ഷം തൊഴിലിടത്തിൽ ഉണ്ടാവണം. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പോർട്ടൽ സംവിധാനം കൂടുതൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. സംഘടിത മേഖലയെക്കാൾ കൂടുതൽ പഠനങ്ങളും ഇടപെടലുകളും ആവശ്യമായിരിക്കുന്നത് അസംഘടിത മേഖലയിലാണ്, അതിനായി എൽ.സി പ്രവർത്തിക്കേണ്ടതുണ്ട്. തൊഴിലിടങ്ങൾ ലിസ്റ്റ് ചെയ്ത് അവിടെ വേണ്ട മാറ്റങ്ങൾ നിയമത്തിലും സംവിധാനത്തിലും വരേണ്ടതുണ്ട്. ഗാർഹിക ജോലിക്ക് സ്ത്രീകൾ സമയം കണ്ടെത്തേണ്ടി വരുന്നത് കൊണ്ടാണ് തൊഴിൽ രംഗത്തേക്ക് വരാത്തത്. തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് സഹായകമായി നിയമങ്ങളും സംവിധാനങ്ങളും മാറുന്നതിന്റെ കൂടെ സ്ത്രീകളാണ് എന്നതു കൊണ്ട് തന്നെ കൂടുതൽ സാമൂഹ്യ സംവിധാനങ്ങൾ ഉണ്ടാവേണ്ടതുമുണ്ട്.

<u>വനിത ശാക്തീകരണം - തൊഴിൽ പ്രാതിനിധ്യം - </u>'വിഷൻ 2031'

- സ്ത്രീശാക്തീകരണത്തിനും അതിജീവനത്തിനും എന്ന രണ്ടു രീതിയിൽ സ്ത്രീകൾ കേരളത്തിൽ ഇന്ന് തൊഴിൽ രംഗത്ത് കാണാവുന്നതാണ്. അതിജീവനത്തിന്റെ രീതിയിൽ ഉള്ള പല മേഖലകളും കേന്ദ്ര സർക്കാരിന്റെ കീഴിൽ വരുന്നതാണ്. അതിന്റെ നയങ്ങൾ കേരളത്തിന്റെ അവസ്ഥയിൽ നിന്നും വ്യത്യസ്തമാണ്. നയങ്ങളും വേതനവും കേന്ദ്രത്തിൽ നിന്നും വരുമ്പോൾ അത് എങ്ങനെ കേരളത്തിന് അനുയോജ്യമായതായി മാറ്റാം എന്നത് ചർച്ച ചെയ്യേണ്ടതുണ്ട്. കാരണം കേരളം വികസനത്തിന്റെ ഒന്നാം സ്ഥാനത്തും കേന്ദ്രം മൂന്നാം സ്ഥാനത്തുമായതിനാൽ തന്നെ ഇത്തരം ഇടപെടൽ കേരളത്തിൽ അടുത്ത ആറു വർഷത്തിൽ നടത്തിയിരിക്കും.
- കേരളത്തിൽ സ്ഥിര വരുമാനമുള്ള തൊഴിലുകളിലേക്ക് നൈപുണി നൽകി സ്ത്രീകളെ 2031 ൽ

എത്തിച്ചിരിക്കും. എന്ന് മാത്രമല്ല, അവരുടെ ഇരട്ട അധ്വാനത്തെ കണക്കിൽ എടുത്തുകൊണ്ട് തന്നെ സാമൂഹ്യ സംവിധാനങ്ങൾ നിലവിൽ കൊണ്ടുവരും. ( സാമൂഹ്യ അടുക്കള, സാമൂഹ്യ അലക്ക് കേന്ദ്രം, ക്രഷെകൾ, കെയർ സെന്ററുകൾ എന്നിവ)

- സ്ത്രീകൾ ഇഷ്ടപ്പെടുന്ന മേഖലയിൽ ആണോ അവർ പ്രവർത്തിക്കുന്നത്, അതോ ഇന്നത്തെ തൊഴിൽ വിപണിയുടെ ആവശ്യാനുസൃതമാണോ എന്നത് പരിശോധിച്ച മാറ്റങ്ങൾ ഉണ്ടാക്കും. അതായത് വികസനത്തിന്റെ ഒന്നാം ഘട്ടത്തിൽ എത്തിനിൽക്കുന്ന സ്ത്രീകൾക്ക് അവരുടെ കഴിവിനും താല്പര്യത്തിനും അനുസൃതമായ തൊഴിലുകളിൽ ഏർപ്പെടുവാനുള്ള സാഹചര്യങ്ങൾ പഠിച്ച കേരളത്തിൽ അടുത്ത ആറു വർഷങ്ങളിൽ അതിനുള്ള സാഹചര്യങ്ങൾ ഒരുക്കും.
- വിഷൻ 2031 ൽ സംരംഭകത്വവുമായി ബന്ധപ്പെട്ടു വന്ന ചർച്ചകൾ നിലനിൽക്കുന്ന വാർപ്പ് മാതൃകയിൽ നിന്ന് മാറേണ്ടതാണെന്നും പുതിയ കാലത്തിനും, അഭ്യസ്തവിദ്യരായ സ്ത്രീകളുടെ താല്പര്യത്തിനും അനുസൃതമായി എഞ്ചിനീയറിംഗ്/ഊർജം/സാമ്പത്തികം/ശാസ്ത്ര സാങ്കേതിക വിദ്യകൾ എന്നിവയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ തുടങ്ങുകയും, സ്ത്രീകളെക്കുറിച്ച് നിലവിലുള്ള വാർപ്പുമാതൃകയെ ചോദ്യം ചെയ്യുന്ന രീതിയിൽ മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്യും. ഇതിനായി സർക്കാരിൻറെ സഹായത്തോടെ പുതിയ നൈപുണികൾ സ്വായത്തമാക്കുകയും പുതിയ തൊഴിൽ രംഗത്തേക്ക് സ്ത്രീകൾ എത്തിപ്പെടുകയും ചെയ്യും.
- തൊഴിൽ രംഗം സ്ത്രീ സൌഹൃദമാവുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതായിരിക്കും. സ്ത്രീകളുമായി ബന്ധപ്പെട്ട പതിനൊന്നോളം വരുന്ന എല്ലാ നിയമങ്ങളും പുനപരിശോധിക്കുകയും വേണ്ട നടപടികൾ എടുക്കുകയും ചെയ്യും. അതിന്റെ ഫലമായി, കേരളത്തിലെ തൊഴിൽ രംഗം (അസംഘടിതവും സംഘടിതവും) ഒരു പോലെ സ്ത്രീ സൌഹൃദപരമാക്കി മാറ്റും എല്ലാ വീട്ടിലും ഒരു സ്ത്രീയെങ്കിലും വരുമാനമുള്ള തൊഴിലാളിയാവുക എന്ന നയം കൊണ്ടുവരും.

<u>സെക്ഷൻ - 2</u>

<u>സ്ത്രീ സൗഹൃദ കേരളം</u>

സ്ത്രീ സൗഹൃദ കേരളം എന്ന ആനുകാലിക പ്രസക്തിയുള്ള വിഷയത്തിന്റെ മോഡറേറ്റർ കേരള വനിത കമ്മീഷൻ അധ്യക്ഷ അഡ്വക്കേറ്റ് സതി ദേവിയായിരുന്നു. വിഷയത്തിന് കീഴിൽ മൂന്ന് വിഷയങ്ങളാണ് ചർച്ചക്കായി എടുത്തിരുന്നത്. മാറുന്ന കുടുംബവും സമൂഹവും എന്ന ആദ്യ വിഷയം അവതരിപ്പിച്ചത് അഡ്വ. പി. എം. ആതിരയും, രണ്ടാമത്തെ വിഷയമായ അധികാര സ്ഥാനങ്ങളിലെ സ്ത്രീ പ്രാതിനിധ്യം എന്ന വിഷയം കൈകാര്യം ചെയ്തത് ശ്രീമതി കെ.പി.എൻ. അമൃതയും, മൂന്നാമത്തെ വിഷയമായ നവകേരള സാംസ്കാരികത എന്ന വിഷയം അവതരിപ്പിച്ചത് എ. ജി .ഒലീന എന്നിവരുമാണ്.

2031-ഓടെ സ്ത്രീ സൗഹൃദ ഇടങ്ങൾ ആകട്ടെ പൊതു ഇടങ്ങളും സ്വകാര്യ ഇടങ്ങളും എന്നാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. അതെ പോലെ ഇതിനായി വിദഗ്ദരുടെ അഭിപ്രായങ്ങളും അനുഭവങ്ങളും

ക്രോഡീകരിക്കാനായി വനിത ശിശു വികസന വകുപ്പ് സംഘടിപ്പിച്ച വിഷൻ 2031 വികസന സെമിനാറിൽ ഡോക്യുമെന്റ് ചെയ്യപ്പെട്ട വിഷയങ്ങളും സമഗ്ര സമീപനവുമാണ് 'വിഷൻ 2031' മുന്നോട്ട് വയ്ക്കുന്നത്.

**അഡ്വ. പി. എം. ആതിര - മാറുന്ന കുടുംബവും സമൂഹവും**

കേരളത്തിൽ ഭൗതികസാഹചര്യങ്ങളും സാമൂഹ്യസാഹചര്യങ്ങളും വളരെയേറെ മുന്നേറിയപ്പോഴും ഗാർഹിക ഘടനയിലെ ബന്ധങ്ങൾക്ക് അധികാരഘടനയ്ക്ക് ഒന്നും തന്നെ വലിയ മാറ്റം സംഭവിച്ചിട്ടില്ല. സ്ത്രീധന വിവാഹങ്ങളും ഗാർഹിക പീഡനങ്ങളും കാണിക്കുന്നത് ഇതാണ്. സ്നേഹം മൂലധനമായി പ്രവർത്തിക്കേണ്ട കുടുംബങ്ങൾ ഇന്നും ജാതിയുടെ മതത്തിൻറെ പണത്തിൻറെ ജാതകത്തിൻറെ, അധികാരത്തിൻറയും അടിസ്ഥാനത്തിൽ നിലനിൽക്കുന്നു. ഗാർഹിക ഘടനക്ക് മാറ്റമില്ലേ, മാറേണ്ടതല്ലേ എന്ന ആത്മ വിമർശനം നടത്തിക്കൊണ്ട് 2031 ൽ മാറിയ കുടുംബ ഘടന നിലവിൽ വരും.

രാഷ്ട്രീയ പങ്കാളിത്തത്തെപ്പോലും സഹായിക്കാത്ത രീതിയിൽ കുടുംബഘടന നിലനിൽക്കുന്നു. "ചരിത്രപരമായ തോൽവി" എന്ന് ഏംഗൽസ് സൂചിപ്പിച്ചതിനെ മറികടക്കാൻ കേരളത്തിൽ എത്രമാത്രം സാധിച്ചു? ദൃശ്യത സമൂഹത്തിൽ വർധിച്ചു. പക്ഷെ കുടുംബത്തിൽ ഇത്തരത്തിലുള്ള തൊഴിൽ വിഭജനം ഉൾപ്പെടെ എത്രയോ നിയമങ്ങൾ ഉണ്ടായിട്ടും മാറ്റമൊന്നും നടന്നില്ല. തുല്യതയെക്കുറിച്ച് ഭരണഘടനയിൽ നിയമം ഉണ്ടെങ്കിലും കുടുംബഘടനയ്ക്ക് മാറ്റം വന്നില്ല എന്നതാണ്.

ഭരണഘടനാ മൂല്യങ്ങളെ എങ്ങനെ കുടുംബത്തിനകത്തേക്ക് കൊണ്ടുവരാമെന്ന് ആലോചിക്കണം. ഗാർഹിക പീഢനം സംഭവിച്ചതിനു ശേഷമല്ല അതിക്രമമില്ലാത്ത, തുല്യതാ സാധ്യതയുള്ള ഗാർഹിക ഘടന എങ്ങനയാവാമെന്നത് ചർച്ച ചെയ്യേണ്ടത്. ഇവയെല്ലാം സർക്കാർ സംവിധാനത്തിൽ മാത്രമല്ലാതെ, പൊതുസമൂഹത്തിൽ ചർച്ച വരേണ്ടതാണ്. ചിന്താഗതിയിൽ മാറ്റം വരേണ്ടതാണ്.

പ്രീ പ്രൈമറി ക്ലാസുകളിൽ തുടങ്ങി ഇന്നവർ കണ്ടുകൊണ്ടിരിക്കുന്ന കുടുംബഘടനകളുള്ളിലെ സ്ത്രീ പുരുഷ ബന്ധങ്ങളെ അഴിച്ചു പണിയാൻ കഴിയണം. സ്ത്രീയും പുരുഷനും മാത്രമുള്ളതല്ല, കുടുംബമെന്നറിയണം – നിലനിൽക്കുന്ന ജനാധിപത്യ വിരുദ്ധമായ കുടുംബഘടനയെ ചോദ്യം ചെയ്യാൻ കുട്ടികളെ പര്യാപ്തമാക്കണം. വിദ്യാഭ്യാസത്തിൽ ഗാർഹികാധ്വാനത്തെ എങ്ങനെ കുടുംബത്തിനകത്ത് നിന്ന് പുറത്തേക്ക് കൊണ്ടുപോകാം? അതുതന്നെ ഒരു തൊഴിലായി എങ്ങനെ മാറ്റാം. കുടുംബത്തിൽ രാവിലെ തൊട്ട് വൈകുന്നരം വരെ നിലനിൽക്കുന്ന ഭക്ഷണമുണ്ടാക്കുന്ന രീതി മാറണം

ഏറ്റവും വലിയ ചൂഷണം നടക്കുന്നത് അടുക്കളകളിൽ (വീടുകളിൽ) ആണ് സ്നേഹത്തിൻറെ പേരുപറഞ്ഞ് സ്ത്രീകളെ അടുക്കളകളിലേക്ക് തളച്ചിടുന്ന സമ്പ്രദായം– 2031 ലെങ്കിലും മാറേണ്ടതുണ്ട്- ശിശു സംരക്ഷണം, പാചകം, അലക്ക് എന്നിവ കുടുംബത്തിലുള്ള എല്ലാവരുടെയും

ഉത്തരവാദിത്തമായി മാറേണ്ടതുണ്ട്.

**കെ.പി.എൻ. അമൃത - അധികാര സ്ഥാനങ്ങളിലെ സ്ത്രീ പ്രാതിനിധ്യം**

അധികാരം അറിവാണ്. അറിവുണ്ടായാൽ പ്രതികരണശേഷി ഉണ്ടാവും. സമൂഹത്തിലെ അനീതികൾ പ്രതികരിച്ചാലേ ഉണ്ടായാലേ മാറ്റമുണ്ടാവുകയുള്ളൂ. സ്ത്രീകൾ അധികാരത്തിലെത്തിയിട്ടില്ല. പ്രാതിനിധ്യം മാത്രമെ ഉണ്ടായിട്ടുള്ളൂ. അധികാരം പ്രയോഗത്തിൽ വന്നിട്ടില്ല. എന്തുകൊണ്ട് പല identity കൾ അധികാരത്തിൽ വേണമെന്ന് പറയുന്നു. Critical mass അധികാരഘടനയിൽ ഉണ്ടാവണം. നമുക്കിപ്പോഴുള്ളത് അധികാര പങ്കാളിത്തവും രാഷ്ട്രീയവുമാണ്. Representative democracy മാറി Participatory democracy ആവണം. എങ്കിൽ മാത്രമെ സ്ത്രീകൾക്ക് ഗുണമുള്ളൂ.

തൊഴിൽരംഗം, മാധ്യമരംഗം, കായികരംഗം, ശാസ്ത്രസാങ്കേതിക വിദ്യ, അക്കാദമിക രംഗം എന്നിങ്ങനെ പല വേദികളിലും അധികാരം സ്ത്രീകൾക്കില്ല. പലയിടത്തും പ്രാതിനിധ്യം പോലുമില്ല. രാഷ്ട്രീയ പങ്കാളിത്തം കുറവാണ്. പ്രാദേശിക തലത്തിൽ എല്ലാ തലങ്ങളിലും 50% ആയതു കേരളത്തിൽ മാത്രമാണ്. ജനകീയാസൂത്രണം അതിനൊരു കാരണമാണ്. കുടുംബശ്രീ പ്രസ്ഥാനത്തിൻറെ വളർച്ചയും കൂടി സ്ത്രീകൾ പ്രതിനിധികളായതിനെ സഹായിച്ചിട്ടുണ്ട്.

ബോർഡ്, കമ്മീഷൻ എന്നിങ്ങനെയുള്ള അധികാര സ്ഥാനങ്ങളിൽ സ്ത്രീകൾ ഇന്നും കുറവാണ്. പൊതുമേഖലയിലും സ്ത്രീകൾ കുറവാണ്. Work - life – Management ഉണ്ടാവണം. gender role ൽ മാറ്റമുണ്ടാവണം.

**എ.ജി.ഒലീന - നവകേരള സാംസ്കാരികത**

അങ്കണവാടികളിൽ നിന്ന് പുതിയ സംസ്കാരം തുടങ്ങണം . കരിക്കുലം സ്ത്രീസൗഹൃദമാവണം. സ്ത്രീകളെ നിശബ്ദമാക്കുന്ന ചരിത്രത്തെ വീണ്ടെടുക്കണം. ശാസ്ത്രീയ വീക്ഷണവും യുക്തിചിന്തയും ഉണ്ടാവണം ദൈനംദിന ഇടപെടലുകളിലൂടെയാണ് സംസ്കാരം ഉണ്ടാവുന്നത് – ദൈനംദിന ഇടപെടലുകൾ മാറിയ ചിന്താഗതിയിലൂടെ ആവണം.

അതുകൊണ്ടുതന്നെ നവകേരള സംസ്കാരം എന്നത് സമൂഹത്തിൻറെ എല്ലാ തലങ്ങളിലും എല്ലാ പ്രായക്കാരിൽ നിന്നും തുടങ്ങണം.

**<u>സ്ത്രീ സൗഹൃദ കേരളം -</u> 'വിഷൻ 2031'**

- രാഷ്ട്രീയാധികാരം എന്നത് എല്ലാ തലങ്ങളിലും ഉണ്ടാവണം. സ്ത്രീ പ്രാതിനിധ്യം മാത്രം പോര, അധികാരം പ്രയോഗിക്കുന്ന തലത്തിൽ സ്ത്രീകൾ ഉണ്ടാവണം. Representative democracy അല്ല നമുക്ക് വേണ്ടത് 2031 ആകുമ്പോഴെക്കും പങ്കാളിത്ത ജനാധിപത്യമായി കേരളത്തെ ഉയർത്തുവാൻ സാധിക്കും.

* മീഡിയ, തൊഴിൽരംഗം എല്ലാ സ്ഥാപനങ്ങളിലും വനിതാ പഠനം ഉൾപ്പെടെ എല്ലാ വകുപ്പിൻറെയും വിഭാഗത്തിൻറെയും ജൻഡർ ഓഡിറ്റ് നടത്തണം.
* കേരളത്തിലെ ജൻഡർ പോളിസിയുടെ മാത്രമല്ല, എല്ലാ പോളിസിയുടെയും ജൻഡർ ഓഡിറ്റ് നടത്തുകയും Gender Impact Assessment നടത്തുകയും വേണം. നേതൃശേഷി സ്ത്രീകളിൽ വളരേണ്ടതുണ്ട്.
* അധികാര പങ്കാളിത്തം എന്നത് വികസന മുദ്രാവാക്യമാവണം.
* ജൻഡർ റിസോഴ്സ് സെൻററുകളുടെ എണ്ണം വർദ്ധിപ്പിക്കണം, ശക്തിപ്പെടുത്തണം.
* ജാഗ്രതാ സമിതിയെ ശക്തിപ്പെടുത്തണം.
* പൊതുവേദികളിൽ ജൻഡർ പ്രോട്ടോക്കോൾ ഉണ്ടാവണം.
* സാമൂഹ്യ അടുക്കള നിർബന്ധമായും വേണം.
* കുടുംബത്തിലെ അധികാര രീതി മാറണം. കുടുംബ ഘടനയിൽ മാറ്റം വരണം. കുടുംബം ചർച്ചക്ക് വിധേയമാവണം.
* അങ്കണവാടികളിൽ നിന്ന് പുതിയ സംസ്കാരം തുടങ്ങണം
* കരിക്കുലം സ്ത്രീസൗഹൃദമാവണം. സ്ത്രീകളെ നിശബ്ദമാക്കുന്ന ചരിത്രത്തെ വീണ്ടെടുക്കണം.
* ശിശു സംരക്ഷണം, പാചകം, അലക്ക് തുടങ്ങിയ ഗാർഹിക ചുമതലകൾ സമൂഹം ഏറ്റെടുക്കണം.
* വിവാഹങ്ങൾ സ്നേഹത്തിന്റെ രീതിയിൽ ആവണം. ജാതി, മതം, സമ്പത്ത്ജാതകം എന്നിവയുടെ തുടർച്ചയാവരുത്.
* 2031 ൽമാറിയ കുടുംബ ഘടനകളുള്ളിൽ പരസ്പര ധാരണയോടെ, പുതിയ നേടിയെടുത്ത സംസ്കാരത്തോടെ, പൊതുജനം സൌഹാർദ്ദ മായി ജീവിക്കുന്ന രീതി ഉണ്ടാവണം.

<u>സെക്ഷൻ</u> 3

**ബാലസുരക്ഷിത കേരളം**

ബാലസുരക്ഷിത കേരളം എന്ന വിശാലമായ വിഷയത്തിന് കീഴിൽ മൂന്ന് വിഷയങ്ങളാണ് ചർച്ചക്കായി എടുത്തിരുന്നത്. സുന്ദര ബാല്യം സുരക്ഷിത ബാല്യം എന്ന ആദ്യ വിഷയത്തിന് മോഡറേറ്ററായി റിട്ടയേർഡ് ഐഎഎസ് ഓഫീസറും മുൻ സീനിയർ അഡ്വൈസർ, ചൈൽഡ് പ്രൊട്ടക്ഷൻ, യൂണിസെഫ് ശ്രീ ബാലഗോപാൽ ഐഎഎസ് ആയിരുന്നു. ഈ വിഷയത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കി വിദ്യാർത്ഥി പ്രതിനിധികളായി എഴൂർ ഗവൺമെന്റ് ഹൈസ്കൂൾ വിദ്യാർത്ഥി മിഥിലാജ് കെ, തിരൂർ ഗേൾസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾവിദ്യാർത്ഥിയായ അയിഷ ടി കെ യും സംസാരിച്ചു. രണ്ടാമത്തെ വിഷയമായ സ്ഥാപനേതര വാസത്തിനു നൂതന സംവിധാനങ്ങൾ എന്ന വിഷയം കൈകാര്യം ചെയ്തത് മുൻ ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗവും, സെക്രട്ടറി സെന്റർ ഫോർ ബിഹേവിയറൽ മോഡിഫിക്കേഷൻ

ആൻഡ് റിസർച്ച് ശ്രീ സി ജെ ആന്റണിയും മൂന്നാമത്തെ വിഷയമായ ബാലാവകാശ സംരക്ഷണത്തിൽ വികേന്ദ്രീകൃത സംവിധാനത്തിനുള്ള പങ്ക് എന്ന വിഷയത്തിൽ പാനൽ ചർച്ച നടത്തിയത് ശ്രീ കെ കെ സുബൈർ കെഎഎസ് എന്നിവരുമാണ്.

<u>സുന്ദര ബാല്യം സുരക്ഷിത ബാല്യം</u>

കേരളത്തിൽ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ ഏറെ പുരോഗതി കൈവരിച്ചിട്ടുണ്ട് എന്നതും വിവര സാങ്കേതിക മേഖലകളിലും വിപ്ലവകരമായ മാറ്റമാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും, അത് കുട്ടികളുടെ ജീവിതശൈലിയെയും വെല്ലുവിളികളെയും ഏറെ ബാധിച്ചതായി കുട്ടികൾ അഭിപ്രായപ്പെട്ടു. കുട്ടികളെ ഏറ്റവും കൂടുതൽ സ്നേഹിക്കപ്പെടുന്നു എന്ന് പറയുന്ന കുടുംബങ്ങളിൽ നിന്ന് തന്നെ കുട്ടികൾ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകളും വെല്ലുവിളികളും നേരിടുന്നുണ്ട്. തിരക്കിൽ അകപ്പെട്ട മാതാപിതാക്കൾ ജോലി ബാധ്യത, സാമ്പത്തിക സമ്മർദ്ദം, എന്നിവയിൽ അകപ്പെട്ട് പോകുമ്പോൾ കുട്ടികൾക്ക് പറയാനുള്ളത് കേൾക്കാൻ ആളില്ലാതെ ആകുന്നു. പാരന്റിങ് - ഉത്തരവാദിത്തമുള്ള രക്ഷാകർതൃത്വം കുട്ടികളുടെ മാനസിക ബുദ്ധിമുട്ട് യഥാവിധത്തിൽ മനസ്സിലാക്കാൻ മാതാപിതാക്കൾ തയ്യാറാകുന്നില്ല. മെന്റൽ ഹെൽത്ത് ഓഫ് സ്റ്റുഡൻസ്- കുട്ടികളിലുള്ള, സ്ട്രസ്സ് പലതരത്തിലുള്ള സമ്മർദ്ദം കുട്ടികളെ ആത്മഹത്യയിലേക്ക് നയിക്കുന്നു. മാർക്ക് അല്ല കുട്ടികളുടെ ഭാവി തീരുമാനിക്കുന്നത് എന്നത് തിരിച്ചറിയണം, അത് രക്ഷിതാക്കൾക്ക് മനസ്സിലാക്കി കൊടുക്കണം. മാതാപിതാക്കൾ തങ്ങളുടെ പ്രതീക്ഷകൾ പിന്തുടരാൻ കുട്ടികളെ സമ്മർദ്ദത്തിലേക്ക് തള്ളിവിടുന്നു. മുതിർന്നവരുടെ സ്മാർട്ട്ഫോൺ ഉപയോഗം കുട്ടികളെ സാരമായി ബാധിക്കുന്നു.

അബ്യൂസിവ് പാരന്റിംഗ് കുട്ടികളെ ഏറെ ബാധിക്കുന്നതായും കുടുംബത്തിനുള്ളിൽ പോലും എല്ലാവരും അവനവനിലേക്ക് ഒതുങ്ങുന്നത് കാരണം കുടുംബത്തിൽ നിന്ന് പഠിക്കേണ്ട സാമൂഹിക മൂല്യങ്ങൾ മനസ്സിലാകാതെ പോകുകയും സമൂഹത്തിൽ ഇടപെടാൻ അറിയാതെ പോകുകയും ചെയ്യുന്നതായും എല്ലാവരും അവനവനിലേക്ക് ഒതുങ്ങുന്ന ഒരു തരത്തിലേക്കാണ് മാറുന്നത് എന്നും ഇതിനെല്ലാം ഒരു മാറ്റം അനിവാര്യമാണ് എന്നും അഭിപ്രായങ്ങൾ വന്നു.

നമ്മുടെ വിദ്യാഭ്യാസ മേഖല ലോകോത്തര നിലവാരത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കുകയാണ് എങ്കിലും ഇനിയും മാറ്റങ്ങൾ അതിൽ ഉണ്ടാകേണ്ടതുണ്ട്. ക്വാളിറ്റി എഡ്യൂക്കേഷൻ എന്നത് മാർക്കിനു വേണ്ടി പഠിക്കുന്നു, പഠനം ജോലിക്ക് വേണ്ടിയുള്ളതാണ് എന്ന മനോഭാവത്തിലുള്ളതാണ്. പലപ്പോഴും കുട്ടികൾക്ക് അവരുടെ രക്ഷിതാക്കളുടെ ഇഷ്ടത്തിന് അനുസരിച്ചുള്ള ഉന്നത വിദ്യാഭ്യാസം തിരഞ്ഞെടുക്കേണ്ടി വരുന്നു. സപ്പോർട്ടിംഗ് പാരൻസ് ആണ് ഉണ്ടാകേണ്ടത്. കുട്ടികളുടെ കഴിവിന് അനുസരിച്ച് അവരെ വിദ്യാഭാസം ജോലി എന്നിവ തിരഞ്ഞെടുക്കുവാൻ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യേണ്ടത്. സിലബസിന് അകത്തുള്ളത് മാത്രമാണ് കുട്ടികൾ പഠിക്കുന്നത്. സിലബസ് തീർക്കുക എന്നൊരു ഉദ്ദേശം മാത്രമാണ് അധ്യാപകർക്ക് ഇന്നുള്ളത്. ഇതെന്തിന് നമ്മളെ പഠിപ്പിക്കുന്നു എന്നുള്ളത് കുട്ടികൾ

അറിയേണ്ടതുണ്ട്. അതിനാൽ ക്വാളിറ്റി എഡ്യുക്കേഷൻ ലഭ്യമാക്കുന്നതാണ് ആവശ്യംഎന്ന് എടുത്തു പറഞ്ഞു. ഇത്തരത്തിൽ മാറ്റങ്ങൾ വിദ്യാഭാസ രീതിയിൽ ഉണ്ടാക്കിയാൽ തന്നെ സമൂഹത്തിൽ വലിയ മാറ്റം ഉണ്ടാക്കാം. നിലവിൽ പഠന സമ്മർദ്ദം, പരീക്ഷകൾ, മത്സരം എന്നിവയിലൂടെ കുട്ടികൾ മാനസിക സമ്മർദ്ദത്തിലാണ്. ഗ്രേഡുകൾ നേടാനുള്ള ഇടങ്ങൾ മാത്രമായി സ്കൂളുകൾ മാറുന്നു. ജീവിതമൂല്യം സാമൂഹിക കാഴ്ചപ്പാടുകൾ തുടങ്ങിയവ നഷ്ടപ്പെടുകയാണ് എന്നും പലപ്പോഴും കുട്ടികളുടെ കഴിവുകൾ തിരിച്ചറിയാൻ സ്കൂളുകളിൽ സാധിക്കുന്നില്ല എന്നും ടെക്സ്റ്റ് ബുക്ക് അധിഷ്ഠിതമായ പഠനങ്ങളിൽ നിന്നും മാറി അനുഭവ പാഠങ്ങളാണ് കുട്ടികൾക്ക് ആവശ്യം എന്നും ജീവിത മൂല്യങ്ങൾ, സാമൂഹിക ബോധം തുടങ്ങിയ കാര്യങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കണം. സ്കൂളുകളുടെ ഭൗതിക സാഹചര്യം ഏറെ മാറേണ്ടതുണ്ട്. സ്കൂളുകളിൽ ഹൈജീൻ അടിസ്ഥാനമാക്കിയുള്ള സൗകര്യങ്ങൾ ആവശ്യമെങ്കിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ലഭ്യമാക്കേണ്ടതാണ്. പാഠപുസ്തകം അധിഷ്ഠിത പഠനത്തിനുള്ള സമയം കുറച്ചുകൊണ്ട് എക്സ്ട്രാ ആക്ടിവിറ്റീസിനു കൂടി സമയം സ്കൂളുകളിൽ തന്നെ കണ്ടെത്തേണ്ടതും അത്തരത്തിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്താൻ അവസരം ഉണ്ടാക്കേണ്ടതുമാണ്. ഇതിലൂടെ കുട്ടികൾക്ക് തങ്ങൾ ഭാവിയിൽ ഏത് മേഖല തിരഞ്ഞെടുക്കണം എന്ന് തീരുമാനിക്കാൻ സാധിക്കും.

ഇന്ന് വിദേശ പഠനം സാധാരണമായിരിക്കുന്നു, എന്തുകൊണ്ടാണ് കുട്ടികൾ വിദേശ പഠനം തെരഞ്ഞെടുക്കുന്നു. ഇവിടുത്തെ വിദ്യാഭ്യാസ രീതി മാറിയാൽ കുട്ടികൾ കൂടുതലായി ഇവിടെ പഠിക്കാനും ജോലി ചെയ്യാനും തയ്യാറാകും എന്നും അതിന് വിദ്യാഭാസ രീതിയിൽ മാറ്റങ്ങൾ അനിവാര്യമാണ് എന്നും അഭിപ്രായപ്പെട്ടു. കുട്ടികൾക്ക് നേരെ ഉണ്ടാകുന്ന ലൈംഗിക അതിക്രമം പോലുള്ള അതിക്രമങ്ങൾ കുറയണമെങ്കിൽ ചെറുപ്രായം മുതൽ കുട്ടികൾക്ക് ലൈംഗിക വിദ്യാഭ്യാസം ലഭ്യമാകണം എന്നും, കുട്ടികൾ സമൂഹത്തിൽ എങ്ങനെ പെരുമാറണം സമൂഹത്തിൽ ജീവിക്കുമ്പോൾ എന്തെല്ലാം ഗുണങ്ങൾ ഉണ്ടാകണം എന്നുള്ളത് പഠിപ്പിക്കുന്ന ജപ്പാനിലെ എജ്യുക്കേഷൻ ഓൺ ഹാർട്ട് എന്ന ഒരു പരിപാടിക്ക് സമാനമായ രീതികൾ കേരളത്തിലും കൊണ്ടുവരണം. കുട്ടികൾക്കിടയിലെ സംഘർഷം കുറയ്ക്കുന്നതിന് വേണ്ട നടപടികൾ കൗൺസിലിങ്ങിലൂടെയും ബോധവൽക്കരണ ക്ലാസുകളിലൂടെയും സാധിക്കണം.

കേരളത്തിന്റെ സംസ്കാരത്തിന്റെ പൈതൃകത്തെയും അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസം ആണ് കുട്ടികൾക്ക് ലഭ്യമാക്കേണ്ടത്. ഇന്ന് കൂടുതലും ചരിത്രത്തിൽ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസമാണ് ലഭ്യമാക്കുന്നത്. സമൂഹത്തിൽ നിന്ന് കുട്ടികൾ ശാരീരിക മാനസിക സാമ്പത്തിക പീഡനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ഇന്നും ബാലവേല തുടർന്ന് വരികയും ചെയ്യുന്ന സാഹചര്യമുണ്ട്. ഇതിനെതിരെ ശക്തമായ നിയമങ്ങളും സാമൂഹ്യബോധവും ആവശ്യമാണ്. സർക്കാർ സംരംഭമായ റേഡിയോ നെല്ലിക്ക പോലെ കുട്ടികൾക്ക് തുറന്നു സംസാരിക്കാനൊരു അവസരം ഉണ്ടാക്കി നൽകണം. ശൈശവ വിവാഹത്തിനെ പിന്താങ്ങുന്ന ഒരു സാഹചര്യം കാണുന്നുണ്ട്. ഇത് ഒഴിവാക്കണം. ടോക്സിക്

പോസിറ്റീവ് -സോഷ്യൽ മീഡിയയിൽ കാണുന്ന ജീവിതമാണ് ശരിയായുള്ള ജീവിതമെന്ന തെറ്റിദ്ധരിക്കുന്ന സാഹചര്യം കുട്ടികൾക്ക് ഉണ്ടാകുന്നു. ഇത് ആത്മഹത്യയിലേക്ക് വരെ പ്രേരിപ്പിക്കുന്ന സാഹചര്യം ഉണ്ടാക്കുന്നു. കുട്ടികളെ "Gen Z" എന്ന് വിളിച്ച് മാറ്റി നിർത്തുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നത് ഒഴിവാക്കി കുട്ടികളെ മനസ്സിലാക്കുകയും അവരുടെ കഴിവുകൾ അംഗീകരിക്കുകയുമാണ് വേണ്ടത്. കുട്ടികളാണ് ഭാവി അത് മനസ്സിലാക്കിക്കൊണ്ട് ഉള്ള ഒരു നല്ല കേരളമാണ് ഉണ്ടാവേണ്ടത് എന്നും അഭിപായപ്പെട്ടു.

Ragging ഇന്നൊരു പ്രധാന പ്രശ്നമാണ് എന്നും ചെറിയ കാര്യങ്ങളിൽ കുട്ടികൾ തല്ലുണ്ടാക്കുന്ന സാഹചര്യമുണ്ടാകുന്നു എന്നും ഇതിന് സിനിമകളിൽ നിന്നുള്ള സ്വാധീനം വലിയ പങ്കു വഹിക്കുന്നു എന്നും വരും തലമുറയ്ക്ക് പല സിനിമകളിലും കാണിക്കുന്ന വിഷയങ്ങൾ വലിയ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ട്. അത് കൊണ്ട് പൊതു സമൂഹം കാണുന്ന ഇത്തരത്തിലുള്ള കണ്ടെന്റുകൾക്ക് സോഷ്യൽ ഓഡിറ്റിംഗ് ഉണ്ടാകേണ്ടതുണ്ട് എന്നും അഭിപ്രായപ്പെട്ടു.

കുട്ടികൾ അനുഭവിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം മയക്കമരുന്ന് അഥവാ ഡ്രഗ്സ് ആണ് എന്നും അത് ഒരു കുട്ടിയിൽ നിന്നും അടുത്ത ഒരു കുട്ടിയിലേക്ക് സാംക്രമിക രോഗം പോലെ പടരുന്നു എന്നും ഇതിന്റെ ലഭ്യത സ്കൂളുകൾക്കും കോളേജുകൾക്കും ചുറ്റും കുറച്ചു കൊണ്ടുവന്നാൽ മാത്രമേ ഇതിനൊരു പരിഹാരം ഉണ്ടാവുകയുള്ളൂ എന്നുമായിരുന്നു അഭിപ്രായപ്പെട്ടത്. ഇല്ലെങ്കിൽ അടുത്ത തലമുറ വൻ ദുരിതത്തിലായി തീരും.

പാരന്റൽ എജുക്കേഷൻ വഴി രക്ഷിതാക്കളെ ക്രിയേറ്റീവ് ആയി ചിന്തിക്കാനും അവരുടെ വീക്ഷണ കോണ് വികസിപ്പിക്കാനും ശ്രമിക്കാവുന്നതാണ്. കുട്ടികളുടെ മേഖല തിരിച്ചറിഞ്ഞ് അവരെ അതിലേക്ക് നയിക്കാനുള്ള ഒരു ഇടപെടൽ നടത്താനുമുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കാൻ സാധിക്കും. സപ്പോർട്ടിംഗ് പാരൻസ്, കുട്ടികളുടെ കഴിവും അവരുടെ മേഖലകളും കണ്ടെത്തി അതിലേക്ക് ഇറങ്ങി ചെല്ലാൻ കുട്ടികൾക്ക് അവസരം നൽകുക. ക്വാളിറ്റി എഡ്യൂക്കേഷൻ, നല്ല സിനിമ, ഡ്രഗ്സ് ഒഴിവാക്കുക എന്നിവയെല്ലാം സാധ്യമാക്കുന്നതിലൂടെ കേരളം ഏറെ പുരോഗതി കൈവരിക്കും.

**ശ്രീ സി ജെ ആന്റണി - സ്ഥാപനേതര വാസത്തിനു നൂതന സംവിധാനങ്ങൾ**

ഇന്നത്തെ കുട്ടികൾക്ക് ആവശ്യമായ ശ്രദ്ധ കൊടുക്കാൻ ഇന്ന് അവരുടെ രക്ഷിതാക്കൾക്കോ ചുറ്റുമുള്ളവർക്കും സാധിക്കുന്നില്ല എന്നുള്ളത് വസ്തുതയാണ്. 2031 ആകുമ്പോഴേക്കും കേരളത്തിൽ കുട്ടികളെ സംരക്ഷിക്കേണ്ട സ്ഥാപനങ്ങൾ ആവശ്യമാണോ എന്ന് ചിന്തിക്കേണ്ടതാണ്. അത്തരം സ്ഥാപനങ്ങൾ വേണ്ട എന്നതാണ് വസ്തുത. സ്ഥാപന വാസത്തിലൂടെ IQ ലെവൽ, cognitive skill എന്നിവയിലെ നിലവാരം കുറയുന്നു, ആൾക്കാരെ എങ്ങനെ അഭിമുഖീകരിക്കണം എന്നുപോലും അറിയാത്ത സാഹചര്യം കുട്ടികൾക്ക് ഉണ്ടാക്കുന്നു.

Socialization പാരന്റൽ എഡ്യൂക്കേഷന്റെ ശാസ്ത്രീയ നടപടികളിലേക്ക് പോകണം. 2031-ൽ കേരളത്തിൽ സ്ഥാപനവാസം ഒഴിവാക്കണം. സ്ഥാപനത്തിൽ നിൽക്കുന്ന കുട്ടികളുടെ ബ്രെയിൻ സൈസ് ചെറുതാകുന്നതായും ശാരീരികവും മാനസികവുമായ വികാസത്തിന് ബാധിക്കുന്ന വിധത്തിൽ സ്ഥാപനവാസം പ്രതികൂലമായി ബാധിക്കുന്നു എന്നും അഭിപ്രായപ്പെട്ടു. ഇന്ന് സ്ഥാപനത്തിനുള്ള കുട്ടികളിൽ 10 കുട്ടികളെ വീതം ഓരോ പഞ്ചായത്തിന്റെ സംരക്ഷണത്തിലേക്ക് വിട്ടുകഴിഞ്ഞാൽ തന്നെ ഫലപ്രദമായ സ്ഥാപനേതരവാസം സാധ്യമാകും. ഈ പദ്ധതിക്ക് ധാരാളം സ്പോൺസർഷിപ്പ് ലഭ്യമാകും. ഫോസ്റ്റർ കെയർ, തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കുട്ടികളെ ഓരോ പഞ്ചായത്തിന്റെയും മേൽനോട്ടത്തിൽ കുടുംബങ്ങൾ കേന്ദ്രീകരിച്ച് താമസിപ്പിക്കേണ്ടതാണ്. ലോകത്തിലെ തന്നെ വലിയൊരു മാറ്റത്തിന് നാന്ദി കുറിക്കാൻ ഇതിലൂടെ സാധിക്കും.

**ശ്രീ കെ കെ സുബൈർ കെഎഎസ് - ബാലവകാശ സംരക്ഷണത്തിൽ വികേന്ദ്രീകൃത സംവിധാനങ്ങളുടെ പങ്ക്**

2031 ലേക്കുള്ള ലക്ഷ്യം -സമ്പൂർണ്ണ ബാലസൗഹൃദ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നതാണ്. കുട്ടികളുടെ സംരക്ഷണത്തിൽ ശ്രദ്ധ ചെലുത്തേണ്ട ആദിവാസി ഉന്നതികൾ, പ്ലാന്റേഷൻ ലയങ്ങൾ, ചിൽഡ്രൻസ് ഹോമുകൾ /ബാലസംരക്ഷണ സ്ഥാപനങ്ങൾ, നഗര ചേരികൾ, മത്സ്യത്തൊഴിലാളി നഗറുകൾ, എസ് സി നഗറുകൾ, ശ്രീലങ്കൻ അഭയാർത്ഥി പുനരധിവാസ നഗറുകൾ, പുറമ്പോക്ക്, എന്നി 8 മേഖലകളാണെന്ന് ചൂണ്ടിക്കാട്ടി. ശ്രീലങ്കൻ അഭയാർത്ഥി പുനരധിവാസ നഗറുകളിൽ കുട്ടികൾക്ക് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നില്ല. ആദിവാസി ഉന്നതികളിൽ സ്കൂൾ പഠനത്തിൽ നിന്നുമുള്ള കൊഴിഞ്ഞുപോക്ക് ഉണ്ട്. നിയമപരമല്ലാത്ത ബാലവിവാഹം നടക്കുന്നുവെന്നും, നഗര ചേരികളിലുള്ള കുട്ടികൾ വളരെ vulnerable അഥവാ വളരെ എളുപ്പത്തിൽ പലതരത്തിലുള്ള പ്രതിസന്ധികളിലേക്കും മാരകമായ അവസ്ഥകളിലേക്കും എത്തിപെടുവാനുള്ള സാധ്യത കൂടുതലാണെന്നും സ്കൂളിൽ നിന്നുമുള്ള കൊഴിഞ്ഞു പോക്കും, ഇവർ പലതരത്തിലുള്ള അപകടകരമായ സാഹചര്യങ്ങളിലേക്ക് എത്തിച്ചേരുവാനുള്ള സാധ്യത കൂടുതലാണ്. കേരളത്തിൽ പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും നഗരസഭാ തലത്തിലും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമാകുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണെന്നും ഈ കമ്മിറ്റികൾക്ക് ട്രെയിനിങ് നൽകേണ്ടതാണ് എന്നും അഭിപ്രായപ്പെട്ടു.

പഞ്ചായത്ത് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ ശ്രദ്ധിക്കേണ്ട മേഖലകൾ കൃത്യമായി അക്കം ഇട്ട് പറയുകയുണ്ടായി.

- ലൈംഗിക പീഡനം - കേസുകളുടെ എണ്ണത്തിൽ നേരിയ രീതിയിൽ കുറവ് കണ്ടുവരുന്നു. സ്വന്തം വീടുകളിലാണ് ലൈംഗിക പീഡനം കൂടുതലായി നടക്കുന്നത് എന്നും ഈ വിഷയം പഞ്ചായത്തുകൾ പ്രത്യേകം ഏറ്റെടുത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ആത്മഹത്യാ പ്രവണത - മുതിർന്നവരിൽ പുരുഷന്മാരാണ് ഏറിയ പങ്കം ആത്മഹത്യ ചെയ്യുന്നതെങ്കിൽ കുട്ടികൾക്കിടയിൽ പെൺകുട്ടികളാണ് കൂടുതലായി ആത്മഹത്യ ചെയ്യുന്നത് എന്നും അതിനെ തടയുന്നതിന് കൃത്യമായ ഒരു പ്ലാൻ തയ്യാറാക്കേണ്ടതാണ്.
- കിടപ്പിലായ കുട്ടികൾ - ഇവർക്കായുള്ള പ്രത്യേക വ്യക്തിഗത സുരക്ഷാ പദ്ധതി പഞ്ചായത്ത് തലത്തിൽ തയ്യാറാക്കേണ്ടതുണ്ട്.
- ബാലവിവാഹം - ഇതിൽ കാര്യമായ കുറവ് ഉണ്ടാകുന്നുണ്ട്. പക്ഷേ ഇനിയും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
- സൈബർ പ്രശ്നങ്ങൾ - വിവരസാങ്കേതികവിദ്യയുടെ പുതിയ കാലഘട്ടത്തിൽ സേഫ് സൈബർ എന്നതിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതുണ്ട്.
- സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് - ഇപ്പോഴും കാര്യമായി നിലനിൽക്കുന്നു
- പഠന പ്രശ്നങ്ങൾ - മാനസികാരോഗ്യം കുറഞ്ഞവരുടെ കുട്ടികൾ, ഏക രക്ഷിതാവ് വളർത്തുന്ന കുട്ടികൾ, ലൈംഗിക തൊഴിലാളികളുടെ കുട്ടികൾ, ജയിലിൽ കിടക്കുന്നവരുടെ കുട്ടികൾ എന്നിവർ അനുഭവിക്കുന്ന പ്രതിസന്ധികൾ വളരെ കൂടുതലാണ്.
- ജാതി വിവേചനം നിലനിൽക്കുന്നത് ഇല്ലാതാകുവാനുള്ള പരിശ്രമങ്ങൾ ഉണ്ടാകണം.
- അതിഥി തൊഴിലാളികളുടെ കുട്ടികൾ - ഇവരുടെ ഭാഷ സംസ്കാരം എന്നിവ നഷ്ടപ്പെടുന്നു, സ്കൂളിൽ നിന്നും ഉള്ള കൊഴിഞ്ഞു പോക്ക് ഈ കാരണത്താൽ കൂടുന്നു.
- മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകുക
- ട്രാഫിക്കിങ് നിലനിൽക്കുന്നുണ്ട്.
- ഭിക്ഷ യാചിക്കുന്ന കുട്ടികൾ
- പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതി നിലവിൽ വന്നാൽ വിവിധ സംവിധാനങ്ങൾ പഞ്ചായത്തുമായി ചേർന്ന് നാലുമാസം കൊണ്ട് മുന്നൊരുക്കം നടത്തേണ്ടതും അതിനുശേഷം പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന മുഴുവൻ കുട്ടികളെയും തിരിച്ചറിയാൻ വൾനറബിലിറ്റി മാപ്പിങ് നടത്തേണ്ടതും അവർക്ക് ആവിശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.
- സ്പോൺസർഷിപ്പ് പദ്ധതി ഓരോ പഞ്ചായത്തിലും സജ്ജമാക്കണം. അതീവ ശ്രദ്ധ ആവശ്യമായ മേഖലകളിൽ പ്രത്യേക കർമ്മ പദ്ധതി ഉണ്ടാക്കണം. പഞ്ചായത്ത് തല ബാലസംരക്ഷണസമിതി കൃത്യമായി ചേർന്ന് ഇടപെടൽ നടത്തണം. സ്കൂളുകൾ, creche തുടങ്ങിയ സ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റ് കൃത്യമായി നടത്തണം. ഇത് പഞ്ചായത്ത് ഉറപ്പാക്കണം.

<u>ബാലസംരക്ഷണം -വിഷൻ 2031</u>

2 0 3 1 വർഷത്തോടെ കുട്ടികൾക്ക് സുരക്ഷിതവും സംവേദനക്ഷമവുമായ ഒരു ലോകം

സൃഷ്ടിക്കുന്നതിനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ഇതിനായി കുട്ടികളുടെടെയും വിദഗ്ദരുടെയും അഭിപ്രായങ്ങളും അനുഭവങ്ങളും ക്രോഡീകരിക്കാനായി വനിത ശിശു വികസന വകുപ്പ് സംഘടിപ്പിച്ച വിഷൻ 2031 വികസന സെമിനാറിൽ ഡോക്യുമെന്റ് ചെയ്യപ്പെട്ട വിഷയങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ നയരേഖ രൂപപ്പെട്ടിരിക്കുന്നത്. കുട്ടികളുടെ മാനസികാരോഗ്യം, വിദ്യാഭ്യാസം, കുടുംബപരമായ സംരക്ഷണം, ലഹരി ഭീഷണി, സൈബർ സുരക്ഷ, തദ്ദേശഭരണത്തിന്റെ പങ്ക്, സ്ഥാപനേതര വ്യവസ്ഥകൾ എന്നിവയെ കേന്ദ്രീകരിച്ചുള്ള സമഗ്ര സമീപനമാണ് വിഷൻ 2031 മുന്നോട്ടു വയ്ക്കുന്നത്.

ദർശനം:

കേരളത്തിലെ ഓരോ കുട്ടിയും സുരക്ഷിതമായ അന്തരീക്ഷത്തിലും അക്രമരഹിതവും, എല്ലാവരെയും ഉൾക്കൊള്ളുന്നതും, സംരക്ഷണപരവുമായ ഒരു സമൂഹത്തിലും വളരുന്നു

ദൗത്യം:

കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനും, സമൂഹങ്ങളെ ശാക്തീകരിക്കുന്നതിനും, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള യുഎൻ കൺവെൻഷന്റെ തത്വങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുമുള്ള സംയോജിതവും പ്രതിരോധപരവുമായ സംവിധാനങ്ങളിലൂടെ കേരളത്തിലെ എല്ലാ കുട്ടികളും അവരുടെ വീടുകളിലും, സ്കൂളുകളിലും, സമൂഹങ്ങളിലും സുരക്ഷിതരാണെന്ന് ഉറപ്പാക്കുക.

1. <u>ഉത്തരവാദിത്ത രക്ഷാകർതൃത്വം (Responsible Parenting)</u>

**വെല്ലുവിളികൾ:**

- മാതാപിതാക്കളുടെ തിരക്ക്, ജോലിഭാരം, സാമ്പത്തിക സമ്മർദ്ദം എന്നിവ കാരണം കുട്ടികൾക്ക് പറയാനുള്ളത് കേൾക്കാൻ ആളില്ലാതെ വരുന്നു.
- കുട്ടികളുടെ മാനസിക ബുദ്ധിമുട്ട് മാതാപിതാക്കൾക്ക് മനസ്സിലാക്കാൻ കഴിയാതെ അവഗണിക്കുന്നു.
- മാതാപിതാക്കൾ കുട്ടികളെ അവരുടെ പ്രതീക്ഷകൾ നിറവേറ്റാനുള്ള ഉപകരണമായി കാണുകയും, കുട്ടികളുടെ താൽപ്പര്യം പരിഗണിക്കാതെ വിദ്യാഭ്യാസം അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു.
- മുതിർന്നവരുടെ അമിതമായ സ്മാർട്ട്ഫോൺ ഉപയോഗം കുട്ടികളെ അവഗണിക്കുന്നുവെന്ന തോന്നൽ ഉണ്ടാക്കുകയും, ഇത് കുട്ടികൾ അനുകരിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു.
- അബ്യൂസിവ് പാരന്റിംഗ്, കുടുംബത്തിനുള്ളിലെ ഒറ്റപ്പെടൽ എന്നിവ കാരണം കുട്ടികൾക്ക് സാമൂഹിക മൂല്യങ്ങൾ മനസ്സിലാക്കാൻ കഴിയാതെ വരുന്നു.

- ഡിജിറ്റൽ യുഗത്തിൽ കുട്ടികളും മാതാപിതാക്കളും തമ്മിൽ വലിയൊരു ജനറേഷൻ ഗ്യാപ് നിലനിൽക്കുന്നു

**പരിഹാര നിർദ്ദേശങ്ങൾ**

- ഈ തലമുറയിലെ ഡിജിറ്റൽ സ്വദേശികളായ (digital natives) കുട്ടികൾക്ക് അനുയോജ്യമായ പാരന്റിംഗ് ടെക്നിക്കുകളെക്കുറിച്ച് മാതാപിതാക്കൾക്ക് അവബോധം നൽകുക.
- മാതാപിതാക്കളും കുട്ടികളും തമ്മിൽ ഗുണമേന്മയുള്ള സമയം ചെലവഴിക്കുന്നത് ഉറപ്പാക്കുക
- മാതാപിതാക്കൾക്ക് ഉത്തരവാദിത്ത രക്ഷാകർത്തൃത്വ പരിശീലനം; സ്കൂളുകളിലും പഞ്ചായത്തുകളിലും മാതാപിതൃ-അവബോധ ക്ലാസുകൾ
- ഓൺലൈൻ പാരന്റിംഗ് ക്ലിനിക്, കൗൺസിലിംഗ് പിന്തുണ; സ്കൂളുകളിൽ മാനസികാരോഗ്യ സെഷനുകൾ
- പോസിറ്റീവ് പാരന്റിംഗ് പരിശീലനം; വീട്ടിലെ ശിക്ഷ രീതികൾക്കെതിരെ ബോധവൽക്കരണം
- മാതാപിതാക്കളും കുട്ടികളും ചേർന്ന് "സംവാദ വേദികൾ"; സ്കൂൾ-ഗ്രാമപഞ്ചായത്തുകൾ.
- "ഡിജിറ്റൽ പാരന്റിംഗ്" ഗൈഡ്; ഡിജിറ്റൽ ഹൈജീൻ പരിശീലനം

2. <u>മാനസികാരോഗ്യം</u>

**വെല്ലുവിളികൾ**

- സ്കൂളുകളിൽ പരീക്ഷയും ഗ്രേഡും പഠനത്തിന്റെ മുഖ്യ ലക്ഷ്യമായി മാറിയതിനാൽ കല കായികം, സൃഷ്ടിപരമായ പ്രവർത്തനങ്ങൾ തുടങ്ങിയ കുട്ടികളുടെ സമഗ്ര വളർച്ചയ്ക്ക് ആവശ്യമായ അവസരം ലഭിക്കുന്നില്ല.
- കുട്ടികൾ anxiety, depression, suicidal thoughts തുടങ്ങിയ പ്രശ്നങ്ങൾ അനുഭവിച്ചിട്ടും അവയെ തുറന്ന് പറയാനുള്ള സുരക്ഷിതമായ ഇടം ഇല്ലാത്തതിനാൽ സമ്മർദ്ദം ഉള്ളിൽ അടക്കിക്കൊണ്ട് ജീവിക്കേണ്ട സാഹചര്യം ഉണ്ടാകുന്നു.
- കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങളെ പലപ്പോഴും സമൂഹം നിസ്സാരവൽക്കരിക്കുകയും പരിഹസിക്കുകയും, കൗൺസിലിംഗ് സ്വീകരിക്കുന്നവരെ "മാനസിക രോഗി" എന്ന് മുദ്രകുത്തുകയും ചെയ്യുന്ന സമീപനം ഇപ്പോഴും നിലനിൽക്കുന്നു.
- സോഷ്യൽ മീഡിയയിൽ ഉള്ള toxic positivity, Instagram/Reels എന്നിവയിൽ കാണുന്ന

unrealistic beauty standards, extraordinary success narratives എന്നിവ കുട്ടികളിൽ ആത്മവിശ്വാസക്കുറവും പ്രകടന സമ്മർദ്ദവും താരതമ്യബോധവും വർദ്ധിപ്പിക്കുന്നു.

**പരിഹാര നിർദ്ദേശങ്ങൾ**

- എല്ലാ സ്കൂളുകളിലും കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങളെ സുസ്ഥിരമായി കൈകാര്യം ചെയ്യുന്നതിനായി പരിശീലനം നേടിയ ഒരു full-time കൗൺസിലറിന്റെ സേവനം ഉറപ്പാക്കും.
- വിദ്യാർത്ഥികൾക്ക് പ്രതിദിന സമ്മർദ്ദം കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി സ്കൂളിൽ നിയമിതമായ mindfulness period നിർബന്ധമാക്കും.
- കുട്ടികൾ തമ്മിൽ പരസ്പരം പ്രശ്നങ്ങൾ പങ്കുവെക്കുകയും പരസ്പരം പിന്തുണ നൽകുകയും ചെയ്യുന്നതിനായി Peer Support Network രൂപീകരിക്കും.
- ഓരോ കുട്ടിയുടെയും psycho-social risk തിരിച്ചറിയുന്നതിനായി risk identification checklist ഉപയോഗിച്ച് വിലയിരുത്തലുകൾ നടത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഇടപെടലുകൾ സിസ്റ്റമാറ്റിക്കായി ഉറപ്പാക്കുകയും ചെയ്യും.
- രക്ഷിതാക്കളും അധ്യാപകരും കുട്ടികളുടെ മാനസികാരോഗ്യ സൂചനകൾ തിരിച്ചറിയാനും സമയബന്ധിതമായി ഇടപെടാനും കഴിയുന്ന വിധത്തിൽ വിശദമായ capacity-building പരിശീലനം നൽകും.
- കുട്ടികളുടെ emotional, behavioral, clinical ആവശ്യങ്ങൾക്ക് അനുയോജ്യമായ സ്ഥാപനങ്ങളിലേക്ക് seamless referral ഉറപ്പാക്കുന്നതിനായി സമഗ്രമായ ഒരു റഫറൽ സംവിധാനം സജ്ജീകരിക്കും.
- മാനസിക വിഷമം അനുഭവിക്കുന്ന കുട്ടികൾക്ക് ഏതു സമയത്തും സഹായം തേടാനും സംസാരിക്കാനുമുള്ള അവസരം നൽകുന്നതിനായി 24X7 പ്രവർത്തിക്കുന്ന "കുട്ടികൾക്ക് സംസാരിക്കാം" ഹെൽപ്‌ലൈൻ സ്ഥാപിക്കും.
- Anger management, peer pressure handling, coping strategies എന്നിവ ഉൾപ്പെടുന്ന പ്രായാനുസൃതമായ Emotional Skills Curriculum സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും.
- സോഷ്യൽ മീഡിയയുടെ ഉത്തരവാദിത്വപരമായ ഉപയോഗത്തെക്കുറിച്ച് കുട്ടികളിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിന് awareness programmes സംഘടിപ്പിക്കും.
- ജെൻഡർ ബയാസ്ഡ് ചിന്താഗതിക്ക് മാറ്റം വരുത്തുന്ന community sensitisation പ്രവർത്തനങ്ങൾ നടത്തും.
- "Instagram influencers ന്റെ ജീവിതമാണ് യഥാർത്ഥ ജീവിതം" എന്ന തെറ്റിദ്ധാരണ മാറ്റുന്നതിനായി മാധ്യമ സ്വാധീനം തിരിച്ചറിയുന്നതിനുള്ള വിദ്യാഭ്യാസ പരിപാടികൾ

ശക്തിപ്പെടുത്തും.

3. ഗുണനിലവാരമുള്ള വിദ്യാഭ്യാസം (Quality Education)

വെല്ലുവിളികൾ:

- വിദ്യാഭ്യാസം മാർക്കിനും ജോലിക്ക് വേണ്ടിയുള്ള പഠനത്തിനും മാത്രമായി ഒതുങ്ങുന്നു
- പഠനസമ്മർദ്ദം, പരീക്ഷ, മത്സരം എന്നിവ കുട്ടികളെ മാനസിക സമ്മർദ്ദത്തിലാക്കുന്നു
- ടെക്സ്റ്റ് ബുക്ക് അധിഷ്ഠിതമായ പഠനങ്ങളിൽ നിന്നും മാറി അനുഭവ പാഠങ്ങളും , ജീവിത മൂല്യങ്ങളും, സാമൂഹിക ബോധവും കുട്ടികൾക്ക് ലഭ്യമാക്കണം.
- നിലവിലെ വിദ്യാഭ്യാസ രീതികൾ കാരണം വിദേശ പഠനം സാധാരണമാകുന്നു
- സ്കൂളുകളിൽ കുട്ടികൾക്ക് തുറന്ന് സംസാരിക്കാൻ കഴിയുന്ന ഇടങ്ങൾ കുറവാണ്
- പ്രായത്തിനു അനുസരിച്ചുള്ള ലൈംഗിക വിദ്യാഭ്യാസം ലഭ്യമല്ല
- സാങ്കേതിക വിദ്യക്കനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങൾ സ്കൂളുകളിൽ ഒരുക്കുന്നതിൽ പോരായ്മയുണ്ട്

പരിഹാര നിർദ്ദേശങ്ങൾ

- പാഠപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള പഠനസമയം കുറച്ച് എക്സ്ട്രാ ആക്ടിവിറ്റീസിനും , കുട്ടികളുടെ കഴിവുകൾ കണ്ടെത്താനും സമയം കണ്ടെത്തുക
- പ്രായത്തിനനുസരിച്ചുള്ള ലൈംഗിക വിദ്യാഭ്യാസം സിലബസിൽ ഉൾപ്പെടുത്തുക കുട്ടികളുടെ വ്യക്തിഗത സുരക്ഷയും സ്വകാര്യ ഇടവും സംബന്ധിച്ച് അവബോധം സൃഷ്ടിക്കാൻ വനിത ശിശു വികസന വകുപ്പിന്റെ (WCD) നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് പരിപാടി സംഘടിപ്പിക്കുക
- നീന്തൽ, സ്വയം പ്രതിരോധം എന്നിവയിൽ പരിശീലനം നൽകുക. പോലീസ് വകുപ്പുമായി സഹകരിച്ച് സ്വയം പ്രതിരോധ പരിശീലനം നൽകുക
- എല്ലാ സ്കൂളുകളിലും കൗൺസിലർമാരുടെ സേവനം ഉറപ്പാക്കുക
- കേരളത്തിന്റെ സംസ്കാരത്തെയും പൈതൃകത്തെയും അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസം

സിലബസിൽ ഉൾപ്പെടുത്തുക

- ഗ്രേഡിന്റെ മാത്രം അടിസ്ഥാനത്തിലല്ലാതെ കുട്ടികളുടെ എല്ലാ മേഖലയിലുമുള്ള പ്രകടനം വിലയിരുത്തി തുടർ പഠനം സാധ്യമാക്കുക.
- കുട്ടികളുടെ താൽപര്യവും കഴിവുകളും മനസിലാക്കി personalised career development plan രൂപീകരിക്കുക
- സ്കൂളുകളിൽ Menstrual Hygiene friendly വാഷ്റൂം നിർബന്ധമാക്കുക . ആവശ്യത്തിനു ടോയ്ലറ്റ് സൗകര്യം ഉറപ്പാക്കുക

4. <u>സുരക്ഷ, പീഡനം, അതിക്രമങ്ങൾ</u>

**വെല്ലുവിളികൾ**

1. <u>ലൈംഗിക പീഡനം</u>

1. സംസ്ഥാനത്തെ കുട്ടികൾ നേരിടുന്ന ലൈംഗിക പീഡന സംഭവങ്ങളുടെ ഭൂരിഭാഗവും വീടുകളിലോ ബന്ധുക്കളുടെ സാന്നിധ്യത്തിലോ ആണെന്ന് ചർച്ചകൾ വ്യക്തമാക്കുന്നു; അതുകൊണ്ട് തന്നെ പല കുട്ടികൾക്കും സംഭവം പുറത്ത് പറയാൻ സാധിക്കാതെ പോകുന്നു.
2. കുടുംബാംഗങ്ങളാണ് പലപ്പോഴും പീഡകർ ആവുന്നത് അതിനാൽ കുട്ടികൾക്ക് സുരക്ഷിതമായി പറയാനുള്ള ഇടവും ആത്മവിശ്വാസവും ഇല്ലാതാകുന്നു.
3. സമൂഹത്തിൽ ലൈംഗിക പീഡനം സംബന്ധിച്ച മൗനം, ലജ്ജ, പീഡിതനെ കുറ്റക്കാരനാക്കുന്ന സമീപനം എന്നിവ തുടരുന്നതു റിപ്പോർട്ടിംഗ് നിരക്ക് കുറയ്ക്കുന്നു.
4. ട്രൈബൽ കോളനികൾ, തീരദേശ മേഖലകൾ, സ്ലങ്ങൾ പോലുള്ള socio-economic vulnerabilities ഉള്ള പ്രദേശങ്ങളിൽ കുട്ടികൾക്ക് കൂടുതൽ പീഡനസാധ്യതയുണ്ടെന്ന് തെളിവുകൾ സൂചിപ്പിക്കുന്നു.
5. ലൈംഗിക പീഡനം എന്താണെന്ന്, അതിന്റെ ഗുരുതര സ്വഭാവം എന്താണെന്ന് എന്നതിനെപ്പറ്റി പലരിലും അവബോധമില്ല; "ഇത് വലിയ കാര്യമല്ല" എന്ന തെറ്റായ ധാരണ വ്യാപകമാണ്.
6. കുട്ടികൾ ക്കായി safe-touch, unsafe-touch, body-boundary എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന വിജ്ഞാനം സ്കൂൾ, കുടുംബം, സമൂഹം എന്നിവിടങ്ങളിലൊന്നിലും സുസ്ഥിരമായി ലഭ്യമല്ല.

2. റാഗിംഗ്, സ്കൂൾ–കോളേജ് അക്രമങ്ങൾ

7. വിദ്യാർത്ഥികളിൽ ചെറിയ തർക്കങ്ങൾ പോലും physical violence-ലേക്ക് വളരുന്ന പ്രവണത വർധിച്ചതായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.
8. ചില സിനിമകളിൽ അവതരിപ്പിക്കുന്ന ഹൈപ്പർ-മാസ്കുലിൻ, വൈലന്റ് കഥാപാത്രങ്ങൾ കുട്ടികളുടെ പെരുമാറ്റത്തെ നേരിട്ട് സ്വാധീനിക്കുകയും അക്രമസ്വഭാവം സ്വാഭാവികമാക്കുകയും ചെയ്യുന്നു.
9. സോഷ്യൽ മീഡിയയിലെ "viral challenge culture" കുട്ടികളിൽ aggressive behaviour-നെ സാധാരണവും അംഗീകരിക്കാവുന്നതുമായ ഒന്നായി normalise ചെയ്യുന്നു.

3. ബാലവിവാഹം

10. ചില പ്രദേശങ്ങളിലും സമൂഹങ്ങളിലും ബാലവിവാഹത്തിന്റെ സംഭവങ്ങൾ വീണ്ടും ഉയർന്നുവരുന്നതും അത് systemic രൂപത്തിൽ പരിഹരിക്കപ്പെട്ടുന്നില്ലെന്നതും പ്രധാന വെല്ലുവിളിയാണ്.
11. സോഷ്യൽ മീഡിയ platforms-ൽ പ്രചരിക്കുന്ന romanticised narratives — കൗമാരക്കാർക്കിടയിൽ ബാലവിവാഹത്തെ normalise ചെയ്യുന്നു.
12. ചില സമൂഹങ്ങളിൽ എങ്കിലും പെൺകുട്ടികളുടെ higher education-നെ മാതാപിതാക്കൾ പ്രാധാന്യത്തോടെ കാണാത്ത സാഹചര്യവും ബാലവിവാഹ സാധ്യത വർധിപ്പിക്കുന്നു.
13. പല മാതാപിതാക്കൾക്കും ബാലവിവാഹം ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണെന്ന ബോധമില്ല.

4. സൈബർ പീഡനങ്ങൾ (Grooming, Exploitation, Blackmail)

14. കുട്ടികൾ ക്ക് smartphone ലഭ്യതയും ഉപയോഗവും വർധിച്ചതോടെ cyber grooming, sextortion, online manipulation തുടങ്ങിയ കുറ്റങ്ങൾ വേഗത്തിൽ ഉയരുന്നു.
15. അന്യരുമായി online friendships സ്ഥാപിക്കുന്നതിലൂടെ blackmail, coercion എന്നിവയ്ക്ക് കുട്ടികൾ ഇരയാകുന്നു.
16. Parents-ന് cyber hygiene, online safety practices, red flag indicators എന്നിവയെക്കുറിച്ച് പരിമിതമായ അറിവ് മാത്രമേയുള്ളൂ.
17. ഭയം, ലജ്ജ, ശിക്ഷാ ഭയം എന്നിവ കാരണം കുട്ടികൾ cyber bullying, sextortion, stalking എന്നിവയെ ശബ്ദമില്ലാതെ സഹിക്കുന്നത് ഒരു പ്രധാന വെല്ലുവിളിയാണ്.

5. സമൂഹത്തിൽനിന്നുള്ള ഭൗതിക, മാനസിക, സാമ്പത്തിക പീഡനം

18. വീടുകളിലും സമൂഹത്തിലും ഇപ്പോഴും ശാരീരിക, മാനസിക, സാമ്പത്തിക പീഡനങ്ങൾ കുട്ടികൾ നേരിടുന്നുണ്ടെന്നും അവയെക്കുറിച്ചുള്ള early identification systems ശക്തമല്ലെന്നും ചർച്ചയിൽ തെളിഞ്ഞു.
19. Child labour, exploitation pockets എന്നിവ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്നു.
20. ചില ഗ്രാമങ്ങളിലും കോളനികളിലും caste-based exclusion തുടർന്നു കൊണ്ടിരിക്കുകയാണെന്നും അത് കുട്ടികളുടെ മാനസികവും സാമൂഹികവും സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്നു.

6. <u>മീഡിയ സ്വാധീനം മൂലമുള്ള കുട്ടികളുടെ പെരുമാറ്റ അപകടങ്ങൾ</u>

21. സിനിമകൾ, പരമ്പരകൾ, reels എന്നിവയിൽ അക്രമസ്വഭാവമുള്ള നായകന്മാരെ വീരത്വത്തിന്റെ പ്രതീകങ്ങളായി കാണിക്കുന്നതിനാൽ കുട്ടികൾ violence-നെ അനുകരിക്കാവുന്നതും അംഗീകരിക്കാവുന്നതുമായി കാണുന്നു.
22. ഹാനികരമായ online content exposure മൂലം കുട്ടികൾ imitation behaviour — ragging, aggression, bullying — എന്നിവയിൽ ഏർപ്പെടുന്ന പ്രവണത വർധിക്കുന്നു.
23. വീട്ടിലോ സ്കൂളിലോ content moderation സംവിധാനങ്ങൾ കുറവായതിനാൽ കുട്ടികൾ കണ്ടന്റിന്റെ ഗുണനിലവാരം, നൈതികത, അപകടസാധ്യത എന്നിവ തിരിച്ചറിയാതെ ഉപയോഗിക്കുന്നു; കൂടാതെ parental media literacy വളരെ പരിമിതമാണ്.

**പരിഹാര മാർഗങ്ങൾ**

<u>ലൈംഗിക പീഡനം തടയൽ (Preventing Sexual Abuse)</u>

1.1 Community-Level Prevention System

1. ഓരോ വാർഡിലും ICDS, ASHA, JPHN, സ്കൂൾ അധ്യാപകൻ, കുടുംബശ്രീ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി Child Safety Vigilance Group രൂപീകരിക്കും.
2. സമൂഹതലത്തിൽ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ POCSO Watch Points സ്ഥാപിച്ച് നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തും.
3. ലൈംഗിക പീഡനത്തിനിരയായ കുട്ടികൾക്കായി തൽക്ഷണ കൗൺസിലിംഗ്, നിയമ സഹായം, പുനരധിവാസ പിന്തുണ എന്നിവ ഉൾപ്പെട്ട സമഗ്രമായ survivor support

ecosystem സജ്ജമാക്കും.

1.2 സമയബന്ധിത റിപ്പോർട്ടിംഗ് Mechanism

4. സ്കൂളുകളിൽ കുട്ടികൾക്ക് സുരക്ഷിതമായി പരാതി അറിയിക്കാൻ കഴിയുന്ന "Speak to Protect" Confidential Reporting Box സ്ഥാപിക്കും.
5. ഗ്രാമപഞ്ചായത്ത് തലത്തിൽ 24 X 7 പ്രവർത്തിക്കുന്ന Child Protection Response Team രൂപീകരിച്ച് അടിയന്തര ഇടപെടലുകൾ ഉറപ്പാക്കും.

1.3 Safe-Touch & Body-Boundary Curriculum

6. LKG മുതൽ Plus Two വരെയുള്ള വിദ്യാർത്ഥികൾക്കായി പ്രായാനുസൃതമായ Safe-Touch, Unsafe-Touch, Body-Boundary വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും.
7. മാതാപിതാക്കൾക്കും സമാന്തരമായി sexual safety training നൽകുന്ന സംവിധാനം ഒരുക്കും.

1.4 Vulnerable pockets–ൽ Targeted Intervention

8. Tribal കോളനികൾ, തീരദേശ മേഖലകൾ, സ്ലങ്ങൾ, പ്ലാന്റേഷൻ ലൈൻസ്, SC കോളനികൾ എന്നിവിടങ്ങളിലെ കുട്ടികൾക്കായി പ്രത്യേക സുരക്ഷാ ഇടപെടലുകളും പ്രതിമാസ അവബോധ സെഷൻകളും സംഘടിപ്പിക്കും.

2. റാഗിംഗ് & സഹപാഠി അതിക്രമങ്ങൾ തടയൽ Preventing Peer Violence)

2.1 Behavior Change Programme

9. സ്കൂളുകളിലും കോളേജുകളിലും anger management പരിശീലനം, conflict resolution വർക്ക്ഷോപ്പുകൾ, emotional skill-building സെഷനുകൾ നടപ്പിലാക്കും.

2.2 Media Literacy Programme

10. കുട്ടികളെ violent heroism അടങ്ങിയ ദൃശ്യ–വിനോദ ഉള്ളടക്കത്തിന്റെ സ്വാധീനത്തെക്കുറിച്ച് ബോധവൽക്കരിക്കുന്ന media social auditing sessions നടത്തും.
11. "ഈ കണ്ടന്റ് നമ്മുടെ പെരുമാറ്റത്തെ എങ്ങനെ സ്വാധീനിക്കുന്നു?" എന്നതിനെക്കുറിച്ചുള്ള reflection sessions സ്കൂളുകളിൽ സംഘടിപ്പിക്കും.

2.3 School Protective Ecosystem

12. വിദ്യാർത്ഥികൾക്കിടയിലെ തർക്കങ്ങൾ പരിഹരിക്കാൻ പരിശീലനം ലഭിച്ച peer mentors തയ്യാറാക്കും.

13. സ്കൂളുകളിൽ *anti-ragging* clubs സ്ഥാപിച്ച് സഹപാഠി അതിക്രമം തടയാനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തും.
14. അധ്യാപകർക്ക് adolescent psychology-യുള്ള പ്രത്യേക പരിശീലനം നൽകി കുട്ടികളുടെ പെരുമാറ്റം മനസിലാക്കാനുള്ള കഴിവ് വർദ്ധിപ്പിക്കും.

3. <u>ബാലവിവാഹം തടയൽ (End Child Marriage)</u>

3.1 Panchayat-Level Child Marriage Free Plan

15. എല്ലാ പഞ്ചായത്തുകളിലും Community Surveillance System പ്രവർത്തനക്ഷമമാക്കി ബാലവിവാഹ സാധ്യതകൾ നേരത്തെ കണ്ടെത്തുകയും ഇടപെടുകയും ചെയ്യും.
16. വിവാഹ രജിസ്ട്രേഷൻ പ്രക്രിയയിൽ age verification-ന് കർശനമായ പരിശോധന ഉറപ്പാക്കും.
17. കൗമാര പെൺകുട്ടികൾക്കായി protection groups പ്രവർത്തനക്ഷമമാക്കും.

3.2 Empowerment of Girls

18. പെൺകുട്ടികൾക്കായി വിദ്യാഭ്യാസ സ്കോളർഷിപ്പുകളും കഴിവ് വികസന പരിശീലനങ്ങളും വിപുലീകരിക്കും.
19. മാസവാരദ്ധി, യൗവനാവസ്ഥ, ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ വ്യക്തിഗത കൗൺസിലിംഗ് നൽകും.
20. സാമ്പത്തിക-സാമൂഹികമായി പിന്നാക്കമായ പെൺകുട്ടികൾക്ക് higher education bridging programmes നടപ്പിലാക്കും.

3.3 Parent Sensitisation

21. മാതാപിതാക്കൾക്ക് ബാലവിവാഹം ഒരു കുറ്റകൃത്യവും ജീവിതകാലത്തേക്കുള്ള പ്രത്യാഘാതങ്ങളുള്ള അപകടവുമാണെന്ന ബോധവൽക്കരണം ശക്തിപ്പെടുത്തും.

4. <u>സൈബർ സുരക്ഷയും പീഡനങ്ങൾ തടയൽ (Cyber Safety & Anti-Exploitation)</u>

4.1 Cyber Wellness Curriculum

22. സ്കൂൾ പാഠ്യപദ്ധതിയിൽ cyber grooming, digital consent, safe online behaviour, reporting pathways എന്നിവ ഉൾപ്പെട്ട Cyber Wellness Curriculum നടപ്പിലാക്കും.

4.2 Parent Digital Hygiene Education

23. മാതാപിതാക്കൾക്ക് social media privacy settings, online red flags, non-intrusive

monitoring എന്നിവയെക്കുറിച്ചുള്ള പ്രത്യേക പരിശീലനം നൽകും.

4.3 School Cyber Protection Cells

24. അധ്യാപകർക്ക് cyber psychology-യിൽ പരിശീലനം നൽകി സൈബർ ഭീഷണികളെ തിരിച്ചറിയാനുള്ള കഴിവ് വർദ്ധിപ്പിക്കും.
25. സ്കൂളുകളിൽ cyber safety clubs രൂപീകരിച്ച് വിദ്യാർത്ഥികൾക്ക് സുരക്ഷിത ഡിജിറ്റൽ സംസ്കാരം പ്രോത്സാഹിപ്പിക്കും.
26. പോലീസ്, വിദ്യാഭ്യാസ വകുപ്പ്, ഐ.സി.ടി. വകുപ്പ് എന്നിവിടങ്ങളുമായി convergence mechanism ശക്തിപ്പെടുത്തും.

5. <u>സമൂഹത്തിലെ പീഡനങ്ങൾ നിയന്ത്രിക്കൽ (Community Protection)</u>

5.1 Community-Based Child Rights Surveillance

27. Kudumbashree–School–ICDS സംയുക്തമായി കുട്ടികളുടെ അവകാശങ്ങൾ നിരീക്ഷിക്കുന്ന Community Child Rights Surveillance System രൂപീകരിക്കും.
28. അപകടസാധ്യത കൂടുതലുള്ള കുടുംബങ്ങളെ നേരത്തെ തിരിച്ചറിഞ്ഞ് early intervention support നൽകും.
29. എല്ലാ ആറുമാസത്തിലും vulnerability mapping നടത്തി ആവശ്യമായ ഇടപെടലുകൾ ഉറപ്പാക്കും.

5.2 Safety Audits

30. സ്കൂളുകൾ, ക്രെഷുകൾ, അങ്കണവാടികൾ, ട്യൂഷൻ കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ വർഷാന്ത്യ Child Safety Audit നിർബന്ധിതമാക്കും.

5. <u>സ്ഥാപനേതര സംരക്ഷണം (Alternative Care)</u>

**വെല്ലുവിളികൾ:**

- സ്ഥാപനവാസം കുട്ടികളുടെ I Q ലെവൽ, കോഗ്നിറ്റീവ് സ്കിൽ, തലച്ചോറിന്റെ വലുപ്പം എന്നിവയിലെ നിലവാരം കുറയ്ക്കുന്നതായും സാമൂഹിക ഇടപെടലുകളെ പ്രതികൂലമായി ബാധിക്കുന്നതായും പഠനങ്ങൾ ഉണ്ട്

**പരിഹാര നിർദ്ദേശങ്ങൾ**

- സ്ഥാപനത്തിലുള്ള കുട്ടികളെ ഓരോ പഞ്ചായത്തിന്റെയും മേൽനോട്ടത്തിൽ കുടുംബങ്ങൾ

കേന്ദ്രീകരിച്ച് താമസിപ്പിക്കുക

- തദ്ദേശസ്ഥാപന തലങ്ങളിൽ ഫോസ്റ്റർ കെയർ, കിൻഷിപ്പ് ഫോസ്റ്റർ കെയർ തുടങ്ങിയ സംവിധാനങ്ങൾക്ക് നേതൃത്വം നൽകുക.

6. <u>വികേന്ദ്രീകൃത സംവിധാനം ശക്തിപ്പെടുത്തൽ</u>

വെല്ലുവിളികൾ:

- കേരളത്തിൽ പഞ്ചായത്ത്, ബ്ലോക്ക്, നഗരസഭാ തലങ്ങളിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
- ബാലവേല, ശൈശവ വിവാഹം പോലുള്ള അനാചാരങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു
- വൾനറബിലിറ്റി മാപ്പിംഗ് നടത്തി ദുരിതമനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തേണ്ടതുണ്ട്

പരിഹാരമാർഗങ്ങൾ

- പഞ്ചായത്ത് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾക്ക് പരിശീലനം നൽകുകയും അവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക. പുതിയ ഭരണസമിതി വന്നാൽ നാല് മാസം കൊണ്ട് മുന്നൊരുക്കം നടത്തുക.
- ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന മുഴുവൻ കുട്ടികളെയും തിരിച്ചറിയുന്നതിനായി മാപ്പിംഗ് നടത്തുക. വാർഡ് തലത്തിൽ മാപ്പിംഗ് കാലാകാലം റിവ്യൂ ചെയ്യുക
- ലൈംഗിക പീഡനം, ആത്മഹത്യാ പ്രവണത (പ്രത്യേകിച്ച് പെൺകുട്ടികൾക്കിടയിൽ) , കിടപ്പിലായ കുട്ടികൾ , ബാലവിവാഹം , സൈബർ പ്രശ്നങ്ങൾ എന്നിവ തടയുന്നതിന് കൃത്യമായ പദ്ധതികൾ തയ്യാറാക്കുക
- ഓരോ പഞ്ചായത്തിലും സ്പോൺസർഷിപ്പ് പദ്ധതി സജ്ജമാക്കണം
- സ്കൂളുകൾ, ക്രെഷ് തുടങ്ങിയ സ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റ് പഞ്ചായത്ത് ഉറപ്പാക്കണം

<u>സെക്ഷൻ - 4</u>

**ശിശുവികസനം കേരള മാതൃക**

"ശിശുവികസനം കേരളം മാതൃക -2031" എന്ന വിഷയത്തിന്റെ മോഡറേറ്റർ വകുപ്പിന്റെ

ഹോണററി കൺസൾട്ടന്റും മുൻ സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം കൂടിയായ ശ്രീമതി ഡോ.മൃദൽ ഈാപ്പൻ ആയിരുന്നു. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികൾ വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥർ എന്നിവർ സെഷനുകൾ കൈകാര്യം ചെയ്തു. ശിശുവികസനമേഖല നിലവിലെ അവസ്ഥ, വെല്ലുവിളികൾ, ഭാവി പരിപാടികൾ എന്ന രീതിയിലാണ് ഓരോരുത്തരും തങ്ങളുടെ കാഴ്ചപാടുകൾ അവതരിപ്പിച്ചത്. സ്കൂൾ ഹെഡ് മാസ്റ്ററും, മികച്ച അധ്യാപകനുള്ള ദേശീയ – സംസ്ഥാന അവാർഡുകൾ കരസ്ഥമാക്കിയ ഡോ. വിധു നായർ, തദ്ദേശസ്വയംഭരണ വകുപ്പിൽ ചീഫ് എഞ്ചിനീയറായ ശ്രീ. സന്ദീപ് കെ.ജി., ഹെൽത്ത് ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് സർജനും നാഷണലൽ ഹെൽത്ത് മിഷൻ കോഡിനേറ്റർ ഡോ. രാഹുൽ, വനിതശിശുവികസന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ഷീബ എൽ. , അഡോളസന്റ് ആന്റ് ഹെൽത്ത് മിഷൻ സംസ്ഥാന നോഡൽ ഓഫീസർ ഡോ. അമർ ഫെറ്റിൽ എന്നിവരായിരുന്നു വിഷയവിദഗ്ധർ. റിട്ട. ചീഫ് സെക്രട്ടറി ശ്രീ എസ്.എം. വിജയാനന്ദ് തന്റെ സേവനകാലയളവിൽ ശിശു വികസന രംഗത്ത് നടപ്പിലാക്കിയ വിവിധ സേവനങ്ങൾ, ഭാവിയിൽ നടപ്പിലാക്കേണ്ട ഇടപെടലുകൾ എന്നിവയെ കുറിച്ച് ഓൺലൈൻ ആയി പ്രഭാഷണം നടത്തി.

കുട്ടികളുടെ ബൗദ്ധിക വിദ്യാഭ്യാസം, വിശകലന പഠനം, ശാരീരിക വളർച്ച, സാമൂഹിക വൈകാരിക ഇടപെടലുകൾ എന്നിവ ഏറ്റവും വേഗത്തിൽ വികസിക്കുന്നത് ആറു വയസ്സുവരെയുള്ള കാലഘട്ടത്തിലാണ്. ഈ പ്രായത്തിൽ മേൽപ്പറഞ്ഞ വികസനങ്ങൾക്ക് ഉത്തേജനം നൽകുന്ന പ്രവർത്തനങ്ങൾ പ്രദാനം ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. പ്രാഥമിക വിദ്യാഭ്യാസം നൽകുന്ന അങ്കണവാടി പോലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, പോഷകാഹാര വിതരണം, ആരോഗ്യപരിപാലനം എന്നിവ പരമാവധി സാധ്യമാക്കേണ്ടതുണ്ട്. 14 വയസ്സുവരെ നിർബന്ധിത വിദ്യാഭ്യാസം ലഭിക്കേണ്ടത് കുട്ടിയുടെ അവകാശമാണ്. കുട്ടികൾക്ക് പരമാവധി ക്രിയാത്മക പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് വിദ്യാഭ്യാസം നൽകേണ്ടത്. ഐ.സി.ഡി.എസ്. പദ്ധതിയെ സംസ്ഥാന വനിത ശിശുവികസന വകുപ്പ് പരമാവധി തുക വിനിയോഗിച്ചുകൊണ്ട് ഫലപ്രാപ്തിയിൽ എത്തിച്ചുവരുന്നു. നിലവിൽ 40 ശതമാനത്തോളം കുട്ടികളാണ് അങ്കണവാടിയിൽ എത്തുന്നത്. എന്നാൽ 2031 ൽ 70 ശതമാനം കുട്ടികളെ അങ്കണവാടിയിൽ എത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ലോകാരോഗ്യ സംഘടനയുടെ കണ്ടെത്തൽ പ്രകാരം 10 മുതൽ 19 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ കുട്ടികളിലാണ് ഏറ്റവും കൂടുതൽ മാനസിക-വൈകാരിക വികാസങ്ങൾ ഉണ്ടാകുന്നത്. അതിനാൽ അവരെ നല്ല പൗരന്മാരായി വാർത്തെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നാം നടപ്പിലാക്കേണ്ടതുണ്ട്. അതിലേക്കായി എല്ലാ വകുപ്പുകളുടെയും ഏകോപനം വളരെ പ്രാധാന്യമർഹിക്കുന്നു. സ്മാർട്ട് അങ്കണവാടികൾ വിഭാവനം ചെയ്യുന്നുവെങ്കിലും ഭൗതിക സാഹചര്യം, പോഷകം, പ്രാഥമിക വിദ്യാഭ്യാസം എന്നിവയിലുള്ള പരിമിതികൾ പൂർണ്ണമായും പരിഹരിക്കപ്പെടേണ്ടതുമുണ്ട്.

ഡോ. വിധു നായർ - "പ്രീസ്കൂൾ വിദ്യാഭ്യാസം ആധുനിക സാങ്കേതിക വിദ്യയുടെ പ്രസക്തി"

അങ്കണവാടികളിലെ പ്രധാനപ്പെട്ട പ്രശ്നമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് എല്ലായ്പ്പോഴും കുട്ടികളുടെ സഹയാത്രികർ ആകേണ്ട അങ്കണവാടി പ്രവർത്തകർക്ക് പോഷൺ ട്രാക്കർ, ഡോക്യുമെന്റേഷൻ തുടങ്ങിയ അധിക ജോലികൾ നൽകുന്നത് മുഖേന കുട്ടികളോട് സമയം ചെലവഴിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. കുട്ടിയുടെ കൂടെ നടക്കുന്ന ടീച്ചർക്ക് മാത്രമേ കുട്ടിയുടെ സമഗ്ര വികസനത്തിന് സഹായകമാകും വിധം പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഇതിനു പരിഹാരമായി ചെയ്യാൻ സാധിക്കുന്നത് കുട്ടികളുടെ പ്രവർത്തനങ്ങൾ അവരുടെ വികാരപ്രകടനങ്ങൾ, വികാസങ്ങൾ തുടങ്ങി എല്ലാം തന്നെ ഒപ്പിയെടുക്കാൻ സാധിക്കുന്ന വിധത്തിൽ അങ്കണവാടികളിൽ ക്യാമറ സ്ഥാപിക്കാവുന്നതാണ്. ഈ ക്യാമറയുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ ഒരു കൺട്രോൾ യൂണിറ്റ് മുഖേന നിരീക്ഷിക്കേണ്ടതും കുട്ടികളുടെ വികാസത്തിന് പ്രതികൂലമാകുന്ന ഘടകങ്ങൾ കണ്ടെത്തി അവ പരിഹരിച്ചു കൊണ്ട് മുന്നോട്ട് പോകാവുന്നതുമായിരിക്കണം. ക്യാമറയിൽ നിന്നുള്ള ദൃശ്യങ്ങൾ രക്ഷകർത്താക്കൾക്കും ടീച്ചറിനും ലഭ്യമാക്കുന്ന തരത്തിൽ ക്രമീകരിക്കേണ്ടതുണ്ട്. ഈ സംവിധാനങ്ങൾ ശാസ്ത്രീയമായ രീതിയിൽ വിശകലനം ചെയ്യപ്പെടേണ്ടതാണ്.

നിലവിൽ face detection പോലെയുള്ള ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോഗിച്ച് ഡാറ്റാ കളക്ഷൻ നടത്തി മോണിറ്റർ ചെയ്യുന്നുണ്ട്. ഇതിലൂടെ ലഭ്യമാകുന്ന ഡാറ്റാ അനാലിസിസ് ചെയ്യുന്നുമുണ്ട്. രജിസ്റ്ററുകൾ, മീറ്റിംഗുകൾ എന്നിവയുടെ എണ്ണം കുറച്ചുകൊണ്ട് പൂർണ്ണസമയവും കുട്ടികളോടൊപ്പം വിനിയോഗിക്കുന്നതിന് അങ്കണവാടി പ്രവർത്തകർ പ്രാപ്തരാകേണ്ടതുണ്ട്. ആധുനിക സാങ്കേതികവിദ്യ അങ്കണവാടിയിലും പ്രയോജനപെടുത്തി ശിശുസൗഹൃദവും ടീച്ചർസൗഹൃദവും ആയ രീതിയിലേക്ക് മാറേണ്ടതുണ്ട്. ഇത്തരത്തിൽ പുതിയ കാലഘട്ടത്തിലേക്ക് അങ്കണവാടികളെ മാറ്റുന്നതിന് നമുക്ക് ശ്രമിക്കാം.

**ശ്രീ. സന്ദീപ് കെ.ജി. - "ശിശുസൗഹൃദ അങ്കണവാടി ഭാവി രൂപരേഖ"**

തിരുവനന്തപുരം ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെ ആശയത്തിന്റെ ഭാഗമായാണ് സ്മാർട്ട് അങ്കണവാടികൾ നിലവിൽ വന്നത്. ഒന്നര സെന്റ് മുതൽ 10 സെന്റ് വരെയുള്ള പ്രദേശത്ത് നിലവിൽ ശിശുസൗഹാർദ്ദ അന്തരീക്ഷത്തിൽ അങ്കണവാടികൾ നിർമ്മിച്ചുവരുന്നു. 2015 മുതൽ 2025 വരെയുള്ള കാലഘട്ടത്തിൽ ഡിപ്പാർട്ട്മെന്റ് ഫണ്ട്, തദ്ദേശസ്വയംഭരണ വകുപ്പ് ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് 234 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം നൽകി. 155 എണ്ണം പൂർത്തിയായി. 75 എണ്ണത്തിന്റെ പൂർത്തീകരണത്തോടടുക്കുന്നു. ഒരു ലക്ഷം രൂപ ചെലവഴിച്ച നിലവിലുള്ള അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടന്നു വരുന്നു. തൊഴിലുറപ്പ് പദ്ധതി പ്രകാരം 860 അങ്കണവാടികൾക്ക് അംഗീകാരം നൽകുകയുണ്ടായി. 535 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് 400 കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

2025 ഫെബ്രുവരി 3 ലെ പോഷൺ ട്രാക്കർ ഡേറ്റാ പ്രകാരം കേരളത്തിൽ 33,120 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതിൽ 24,532 എണ്ണം സ്വന്തം കെട്ടിടത്തിലും 253 എണ്ണം

പഞ്ചായത്ത് വക കെട്ടിടത്തിലും 516 എണ്ണം കമ്മ്യൂണിറ്റി കെട്ടിടങ്ങളിലും 330 എണ്ണം സ്കൂൾ കെട്ടിടത്തിലും 265 എണ്ണം മറ്റ് കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. ആകെയുള്ള കെട്ടിടങ്ങളിൽ 7032 എണ്ണം വാടക കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. ഇതിൽ 650 എണ്ണം സെമി പക്കാ അവസ്ഥയിലാണ്.

എല്ലാ അങ്കണവാടികൾക്കും 2031 വർഷത്തോടെ കെട്ടിടം നിർമ്മിക്കാവുന്നതാണ്. സെമി പക്കാ കെട്ടിടങ്ങളെ പക്കാ കെട്ടിടങ്ങളായി മാറ്റേണ്ടതുണ്ട്. നിലവിൽ നിർമ്മിക്കുന്ന സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങളുടെ നിർമാണത്തിന്റെ കൃത്യമായ മോണിറ്ററിംഗും അവലോകനവും നടത്തേണ്ടതുണ്ട്. കെട്ടിടത്തിന്റെ പ്ലാനിനെ കുറിച്ച് മാതാപിതാക്കളെയും സമൂഹത്തിനെയും ബോധ്യപ്പെടുത്തേണ്ടതുണ്ട്. കുട്ടികളുടെ സുരക്ഷയെ മുൻനിർത്തിക്കൊണ്ട് പരമാവധി വികസനത്തിന് ഉത്തേജനം നൽകുന്ന വിധത്തിൽ എ.ഐ സഹായത്തോടെ കെട്ടിടവും പരിസ്ഥിതി, കളിസ്ഥലം, പൂന്തോട്ടം എന്നിവ രൂപ കൽപന ചെയ്യേണ്ടതുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് (barrier free access) അന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്. സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠനം, സമൂഹത്തിനെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തികൊണ്ടുള്ള പ്രവർത്തനങ്ങൾ, സ്മാർട്ട് അഡ്മിനിസ്ട്രേഷൻ, എനർജി എൺവയോൺമെന്റ് കൺട്രോൾ, പരിസ്ഥിതി സൗഹൃദ രൂപകല്പന, സ്മാർട്ട് പ്ലേ ഏരിയ എന്നിവയ്ക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്. സ്മാർട്ട് അങ്കണവാടി രൂപകല്പനയിൽ രക്ഷിതാക്കൾ അങ്കണവാടി ജീവനക്കാർ, തദ്ദേശസ്വയംഭരണ ജീവനക്കാർ, വകുപ്പ് ഉദ്യോഗസ്ഥർ, നിർമ്മാണ മേഖലയിലെ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടുന്നവർക്ക് പരിശീലനം നൽകേണ്ടതുണ്ട്. ഇത്തരത്തിൽ ശിശുസൗഹൃദ, പരിസ്ഥിതിസൗഹൃദ അങ്കണവാടികൾ ഭാവിയിലെ കാലാവസ്ഥ വ്യതിയാനവും കണ്ടു വേണം നിർമാണം ആസൂത്രണം ചെയ്യേണ്ടത് .

**ഡോ. രാഹുൽ - "കുട്ടികളിലെ പോഷണം വർത്തമാന കേരളത്തിലെ പ്രതിസന്ധിയും പരിഹാരമാർഗ്ഗങ്ങളും"**

അങ്കണവാടികൾ സ്മാർട്ട് ആകണമെങ്കിൽ ശരിയായ ഭക്ഷണം ശരിയായ അളവിലും അനുപാതത്തിലും കൃത്യമായും നൽകേണ്ടതുണ്ട്. നിലവിൽ എല്ലാ കുട്ടികൾക്കും ഒരേ പോലെയുള്ള ഭക്ഷണം നൽകുന്നതിൽ നിന്നും വ്യത്യസ്തമായി, വയസ്സ്, ഭക്ഷണശീലങ്ങൾ, ആരോഗ്യാവസ്ഥ തുടങ്ങിയവ പരിഗണിച്ചുകൊണ്ട് customized level ൽ നൽകാവുന്നതാണ്. കേരളത്തിലെ ശിശുമരണ നിരക്ക് 5/ 1000 എന്നതും നവജാത ശിശുമരണ നിരക്ക് 4/1000 എന്നതുമാണ്. കേരളം സ്വകാര്യ-സർക്കാർ മേഖലകളിൽ എല്ലാം തന്നെ നവജാത ശിശുപരിചരണത്തിൽ വളരെ നേട്ടം കൈവരിച്ചിട്ടുണ്ട്. എങ്കിൽ പോലും മാസം തികയാതെയുള്ള പ്രസവത്തിന്റെ എണ്ണം കൂടി വരുന്നുണ്ട്. ഇത്തരത്തിൽ മാസം തികയാതെ ജനിക്കുന്ന കുട്ടികളിൽ നിരവധി ആരോഗ്യ പ്രശ്നങ്ങൾ പിൽക്കാലത്ത് കണ്ടുവരുന്നു. ഇത് അഭിസംബോധന ചെയ്യുന്നതിലേക്കായി ശാസ്ത്രീയ പരിജ്ഞാന വിദ്യാഭ്യാസം വ്യാപകമായി നൽകേണ്ടതുണ്ട്. കേരളത്തിൽ വളർച്ചാ മുരടിപ്പ് 23.4 ശതമാനവും

ഉക്കക്കുറവ് 19.7 ശതമാനവും അധിക ഉക്കമുള്ള കുട്ടികളുടെ എണ്ണം 5 വയസ്സിനു താഴെ 4 ശതമാനവും 5-10 വയസ്സുവരെ 10 ശതമാനവുമാണ്. സൂക്ഷ്മപോഷണക്കുറവും കുട്ടികളിൽ ശ്രദ്ധക്കുറവ്, പഠനവൈകല്യങ്ങൾ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് കാരണമാകുന്നു. മേൽപ്പറഞ്ഞ മൂന്ന് മേഖലകളും പരിഹരിക്കുന്നതിന് അങ്കണവാടികൾക്ക് പ്രധാനപ്പെട്ട പങ്കുണ്ട്. 99 ശതമാനത്തിന് മുകളിൽ കേരളത്തിൽ പ്രസവങ്ങൾ ആശുപത്രിയിൽ തന്നെയാണ് നടക്കുന്നത്. 70 ശതമാനം കുഞ്ഞുങ്ങൾക്ക് മാത്രമാണ് ജനിച്ച് ഒരു മണിക്കൂറിനുള്ളിൽ മുലപ്പാൽ ലഭ്യമാകുന്നത്. ഇത് 100 ശതമാനമാക്കുന്നതിലേക്കായി കുടുംബാംഗങ്ങൾക്ക് ബോധവത്ക്കരണം നൽകേണ്ടതാണ്. പ്രത്യേക പരിരക്ഷ ആവശ്യമുള്ള (ഭിന്നശേഷി, രോഗങ്ങൾ) അങ്കണവാടികളിലൂടെ നൽകുന്ന പോഷാകഹാരത്തിൽ പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. ഭാവിയിൽ ആരോഗ്യമുള്ളതും ആയുർദൈർഘ്യം ഏറിയതും പ്രവർത്തനശേഷിയുള്ളതുമായ ഒരു തലമുറയെ വാർത്തെടുക്കുന്നതിനുള്ള അടിസ്ഥനപ്രവർത്തങ്ങൾ നടക്കേണ്ടത് അങ്കണവാടികളിലാണ്.

**ശ്രീമതി. ഷീബ.എൽ - "ശിശുവികസനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും"**

ഐ.സി.ഡി.എസ്. പദ്ധതി 50 ആം വർഷത്തിൽ എത്തിനിൽക്കുന്ന ഈ കാലയളവിൽ പദ്ധതി പൂർണ്ണ വിജയമാകണമെങ്കിൽ പ്രധാനപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണവും ഏകോപനവും അത്യാന്താപേഷിതമാണ് ഐ.സി.ഡി.എസ്. പദ്ധതി ബഹുമുഖ പദ്ധതിയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും പോഷണ ദൗർലഭ്യത്തിന്റെ വിടവ് പരിഹരിക്കേണ്ട ചുമതല പദ്ധതിക്കാണ്. വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും കുട്ടികളുടെ സാമൂഹിക ജീവിത നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും വേണ്ടി അങ്കണവാടികളെ ശാക്തീകരിക്കേണ്ടതുണ്ട്. ഭൗതിക സാഹചര്യ വികസനം അത്യാന്താപേഷിതമാണ്. അപകടരഹിതമായ കളിയുപകരണങ്ങൾ എല്ലാ അങ്കണവാടികളിലും വിതരണം ചെയ്ത് ഉപയോഗിക്കുന്നതിനുള്ള സാഹചര്യമുണ്ടാകണം. സിറ്റിസൺ ചാർട്ടർ പോലെ ചിൽഡ്രൻസ് ചാർട്ടർ ഉണ്ടാകണം. കുട്ടികൾക്ക് നൽകുന്ന സേവനങ്ങൾക്ക് സ്റ്റാന്റേർഡ്, ഗ്രേഡിംഗ് എന്നിവ ഉണ്ടായിരിക്കണം. മയക്കുമരുന്നുമായി ബന്ധപ്പെട്ട വിഷയങ്ങൾ വകുപ്പ് കൈകാര്യം ചെയ്യേണ്ടതുണ്ട്. കുടുംബശ്രീ ഒരു സോഷ്യൽ സിസ്റ്റമാണ്. ഡബ്ല്യു.സി.ഡി. കുടുംബശ്രീയുമായി കോർഡിനേറ്റ് ചെയ്ത് പ്രവർത്തിക്കേണ്ടതാണ്. കൂടാതെ വകുപ്പും ആരോഗ്യവകുപ്പും എസ്.റ്റി. എസ്.സി. വകുപ്പുമായി കൂടുതൽ സഹകരണം ഉറപ്പാക്കേണ്ടതുണ്ട്. വനിതശിശുവികസന വകുപ്പ് ഡയറക്ടർ തലത്തിൽ ജില്ലാ കളക്ടറുമായി ചേർന്നു കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനം ചെയ്യേണ്ടതുണ്ട്. കളക്ടർമാരെ ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. ചൈൽഡ് ബഡ്ജറ്റ്, ജെണ്ടർ ബഡ്ജറ്റ് എന്നിവ വരേണ്ടതുണ്ട്. നിലവിൽ സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവർക്കും നീക്കിവച്ചിട്ടുള്ള തുക അഞ്ചു ശതമാനമെങ്കിലും ഉയർത്തേണ്ടതുണ്ട്. വനിത-ശിശു സൗഹൃദ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വരേണ്ടതുണ്ട്.

തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ആരോഗ്യം, എന്നീ വകുപ്പുകൾ കൂടാതെ ഭക്ഷ്യ പൊതുവിതരണം, സ്റ്റാറ്റിസ്റ്റിക്സ്, എസ്.സി./എസ്.റ്റി., കൃഷി തുടങ്ങിയ ഒട്ടു മിക്കവാറും എല്ലാ വകുപ്പുകളുടെയും സഹകരണമുണ്ടെങ്കിൽ മാത്രമേ ഐ.സി.ഡി.എസ്. ന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ നൂറു ശതമാനം കൈവരിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ പ്രീസ്കൂൾ എൻറോൾമെന്റ് 40 ശതമാനമാണ്. ആയത് 70 ശതമാനമാക്കി ഉയർത്തേണ്ടതും വളർച്ചാനിരീക്ഷണം 100 ശതമാനത്തിൽ എത്തിക്കേണ്ടതുമുണ്ട്. മലപ്പുറം ജില്ലയിൽ ആരോഗ്യ വകുപ്പിന്റെയും വനിതശിശുവികസന വകുപ്പിന്റെയും സഹകരണത്തോടെ 0-18 വയസ്സുവരെയുള്ള 90 ശതമാനം കുട്ടികളുടെയും സ്ക്രീനിംഗ് ടെസ്റ്റ് പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. സേവനമേഖലയിലെ മുഴുവൻ വകുപ്പുകളും സംയോജിതമായി ആസൂത്രണം ചെയ്തു വേണം പൌരന് സേവനം എത്തിക്കേണ്ടത്. ആയത് സേവനത്തിന്റെ ഗുണ നിലവാരം വർദ്ധിപ്പിക്കുക മാത്രമല്ല വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗത്തിനും കാരണമാകുന്നു.

**ഡോ. അമർ ഫെറ്റിൽ - "കേരളത്തിന്റെ ഭാവിക്കുവേണ്ടി നമ്മുടെ കുട്ടികളുടെ ഉജ്ജ്വലമായ നാളേക്കു വേണ്ടി ജീവിതചക്ര സമീപനത്തിൽ കൗമാരത്തിന്റെ പ്രാധാന്യം"**

കൗമാരപ്രായക്കാരായ കുട്ടികളിൽ ത്വരിത ഗതിയിൽ മാനസികവും ശാരീരികവും മാറ്റം വരുന്ന കാലഘട്ടമാണ്. ഇവരുടെ ശാരീരിക-മാനസികാരോഗ്യത്തിന് ഉതകുന്ന പദ്ധതികൾ അങ്കണവാടികളിലൂടെ നൽകേണ്ടതുണ്ട്. ഇന്നത്തെ കാലഘട്ടത്തിൽ കൗമാരക്കാരിൽ കണ്ടുവരുന്ന മൊബൈൽ ഫോണിന്റെ ദുരുപയോഗം അവരുടെ ശാരീരിക-മാനസികാരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന വിഷയമാണ്. ആയത് അഭിസംബോധന ചെയ്യേണ്ടതുണ്ട്. ശാരീരികാരോഗ്യത്തിനായി കളികളും വ്യായാമവും ചിട്ടയോടുകൂടിയ ഭക്ഷണക്രമവും നൽകേണ്ടതുണ്ട്. കൗമാരപ്രായക്കാരിലും കുട്ടികളിലും വ്യായാമത്തിന് പ്രാധാന്യം നൽകിയില്ലായെങ്കിൽ ഭാവിയിൽ എല്ലാവരും ജീവിതശൈലി രോഗങ്ങൾക്കടിമപ്പെടുന്ന അവസ്ഥ സംജാതമാകും. ആയതിനാൽ ആരോഗ്യ വകുപ്പിന്റെ ജനകീയാരോഗ്യ കേന്ദ്രങ്ങൾ പോലെ അങ്കണവാടികൾ ആക്ടിവിറ്റി/സ്പോർട്സ് കേന്ദ്രങ്ങളായി മാറ്റണം. ആയത് കൗമാര പ്രായക്കാർക്കും കുട്ടികൾക്കും മാത്രമല്ല യുവതലമുറയ്ക്കു കൂടി പ്രയോജനം ചെയ്യുന്ന ആരോഗ്യ വിനോദകേന്ദ്രങ്ങളായി മാറ്റണം. പ്രജനനാരോഗ്യം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഗർഭധാരണം തടയുന്നതിനുള്ള മരുന്നുകളുടെ ദുരുപയോഗവും മറ്റും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാക്കാൻ ഇടയുള്ളതിനാൽ കൃത്യമായ പ്രജനന ആരോഗ്യ വിദ്യാഭ്യാസം നൽകേണ്ടതുണ്ട്. മെൻസ്ട്രൽ കപ്പിന്റെ ഉപയോഗം വ്യാപകമാക്കണം. അങ്കണവാടിയിലൂടെ നൽകുന്ന സേവനങ്ങളും സന്ദേശങ്ങളും സംബന്ധിച്ച് വ്യാപക പ്രചരണം നടത്തണം. ആരോഗ്യമുള്ള പെൺകുട്ടി , ആരോഗ്യമുള്ള അമ്മ, ആരോഗ്യമുള്ള കുഞ്ഞ്, ആരോഗ്യമുള്ള കുടുംബം, ആരോഗ്യമുള്ള സമൂഹം, ആരോഗ്യമുള്ള രാഷ്ട്രം ഇതാണ് ചക്രിക സമീപനത്തിന്റെ അന്തസത്ത അങ്കണവാടികളിലൂടെയാണ് സാധ്യമാകുന്നത്.

**ശിശുവികസനം കേരള മാതൃക – 'വിഷൻ 2031'**

1. നിലവിൽ 40 ശതമാനത്തോളം കുട്ടികൾ മാത്രമാണ് അങ്കണവാടിയിൽ എത്തുന്നത്. 2031 ൽ 70 ശതമാനം കുട്ടികളെങ്കിലും അങ്കണവാടി പരിധിയിൽ എത്തിക്കുന്നതിന് ലക്ഷ്യമിടും. ഗ്രോത്ത് മോണിറ്ററിംഗ് 100 ശതമാനം ആക്കും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവത്തനങ്ങളും 100 ശതമാനം ഉറപ്പ വരുത്തും.

   കുട്ടികളിലെ രോഗാതുരത കുറയ്ക്കുന്നതിലേക്ക് മായമില്ലാത്തതും വിഷ രഹിതവും പോഷക സമൃദ്ധവുമായ ഭക്ഷണശീലങ്ങളുടെ പ്രാധാന്യം കുടുംബത്തില് എത്തിക്കേണ്ടത് അങ്കണവാടി പ്രവത്തകരുടെ പ്രധാന ദൗത്യമായിരിക്കണം.

2. പരമാവധി അങ്കണവാടികൾ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റും. സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിൽ പരിസ്ഥിതി, പൂന്തോട്ടം, കളിസ്ഥലം, മീറ്റിംഗ് ഹാൾ, ആക്ടിവിറ്റി സെന്റർ എന്നിവ ഉൾപ്പെടുത്തി പരമാവധി ശിശു സൗഹൃദമാക്കും.
3. സെമി പക്കാ കെട്ടിടങ്ങളെ പക്കാ കെട്ടിടങ്ങളായി മാറ്റും. നിലവിൽ നിർമ്മിക്കുന്ന സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങളുടെ മോണിറ്ററിംഗും റിവ്യൂം നടത്തും. കെട്ടിടത്തിന്റെ പ്ലാനിനെ കുറിച്ച് മാതാപിതാക്കളെയും സമൂഹത്തിനെയും ബോദ്ധ്യപ്പെടുത്തും. കുട്ടികളുടെ സുരക്ഷയെ മുൻനിർത്തിക്കൊണ്ട് പരമാവധി വികസനത്തിന് ഉത്തേജനം നൽകുന്ന വിധത്തിൽ എ.ഐ സഹായത്തോടെ കെട്ടിടവും പരിസ്ഥിതി, കളിസ്ഥലം, പൂന്തോട്ടം എന്നിവ രൂപ കൽപന ചെയ്യും. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് barrier free access അന്തരീക്ഷം സൃഷ്ടിക്കും. സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠനം, സമൂഹത്തിനെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തികൊണ്ടുള്ള പ്രവർത്തനങ്ങൾ, സ്മാർട്ട് അഡ്മിനിസ്ട്രേഷൻ, എനർജി എൺവയോൺമെന്റ് കൺട്രോൾ, പരിസ്ഥിതി സൗഹൃദ രൂപകല്പന, സ്മാർട്ട് പ്ലേ ഏരിയ എന്നിവയ്ക്ക് പ്രാധാന്യം നൽകും. സ്മാർട്ട് അങ്കണവാടി രൂപകല്പനയിൽ രക്ഷിതാക്കൾ അങ്കണവാടി ജീവനക്കാർ, തദ്ദേശസ്വയംഭരണ ജീവനക്കാർ, വകുപ്പ ഉദ്യോഗസ്ഥർ, നിർമ്മാണ മേഖലയിലെ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടുന്നവർക്ക് പരിശീലനം നൽകും.
4. പ്രജനനാരോഗ്യം പരിപാലിക്കുന്നതിലേക്കായി ആരോഗ്യവകുപ്പുമായി ചേർന്ന് പ്രവർത്തിക്കും. അങ്കണവാടികളിൽ പ്രീ മരിറ്റൽ സെഷനുകൾ നടത്തും.
5. അങ്കണവാടി പ്രവർത്തകർക്ക് മീറ്റിംഗ്, ഡോക്യുമെന്റേഷൻ തുടങ്ങി മറ്റു വകുപ്പുകളുടെ പ്രവർത്തനങ്ങൾ എന്നിവ കുറച്ചുകൊണ്ട് പരമാവധി സമയം കുട്ടികളോടൊപ്പം ചെലവഴിക്കുന്നതിനുള്ള അവസരം കണ്ടെത്തും.
6. അങ്കണവാടി പ്രവർത്തകർക്ക് ഇ.സി.സി.ഇ. പരിശീലനം നൽകും.
7. അങ്കണവാടി കുട്ടികൾക്ക് പ്രകൃതിയെ കൂടുതൽ അറിയുന്നതിനുള്ള പ്രവർത്തനങ്ങളും ക്രിയേറ്റീവ് പ്രവർത്തനങ്ങളും തുടർന്നും നൽകും.

8. കൗമാര ക്ലബ്ബുകൾ ശാക്തീകരിക്കുകയും കൗമാര പ്രായം കഴിഞ്ഞും പെൺകുട്ടികളെ ഉൾക്കൊള്ളിച്ച് വിപുലീകരിക്കുകയും ആക്ടിവിറ്റി സെന്റർ ആയും വിനോദകേന്ദ്രമായും സാമൂഹിക വിഭവകേന്ദ്രമായും മാറ്റപ്പെടും.
9. അങ്കണവാടി പ്രീസ്കൂളിൽ വിവിധ പ്രായത്തിലുള്ള കുട്ടികൾ ഉള്ളതിനാൽ ഓരോ പ്രായത്തിനും ഉതകുന്ന രീതിയിലുള്ള കളിക്കോപ്പുകൾ ധാരാളമായും നൽകും. പ്രായാനുസൃതമായ (Age Appropriate), കരിക്കുലം, കാലാനുസൃതമായി പരിഷ്കരിക്കും.
10. സ്ത്രീകളുടെയും കുട്ടികളുടെയും ഹെൽത്ത് സ്റ്റാറ്റസ് മാപ്പ് ചെയ്യും.
11. സ്ത്രീകളിലും കൗമാരക്കാരിലും മെൻസ്ട്രുവൽ കപ്പ് വ്യാപകമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തും.
12. അങ്കണവാടികളിൽ പോഷകാഹാരം നൽകുന്നതിനോടൊപ്പം തന്നെ വ്യായാമത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
13. ഐ.സി.ഡി.എസ്. ന്റെ പ്രവർത്തനത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണ സ്ഥാപനം, കൃഷി എന്നീ വകുപ്പുകൾ കൂടാതെ ഭക്ഷ്യപൊതുവിതരണം, സ്റ്റാറ്റിസ്റ്റിക്സ് തുടങ്ങിയ വകുപ്പുകളുടെയും കുടുംബശ്രീയുടെയും ഏകോപനം ഉണ്ടാകും.
14. വൈകല്യ നിർണ്ണയ ക്യാമ്പുകൾ നടത്തും.
15. ചൈൽഡ് ബഡ്ജറ്റ്, ജെണ്ടർ ബഡ്ജറ്റ് എന്നിവ നടപ്പിലാക്കും.
16. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നീക്കിയിരുപ്പ് തുക വർദ്ധിപ്പിക്കും..
17. സിറ്റിസൺ ചാർട്ടർ പോലെ ചിൽഡ്രൻസ് ചാർട്ടർ കൊണ്ടുവരും.
18. അങ്കണവാടികളിലെ പ്രീസ്കൂൾ വിദ്യാഭ്യാസ നിലവാരം ശാക്തീകരിക്കും.
19. മദ്യം, മയക്കുമരുന്ന്, ലൈംഗികാതിക്രമങ്ങൾ, ഗാർഹികാതിക്രമം എന്നിവ ഒഴിവാക്കുന്നതിലേക്കായി അങ്കണവാടികൾ വഴി പരമാവധി ബോധവത്ക്കരണം നടത്തി ജെണ്ടർ അവബോധം പുതിയ തലമുറയിൽ സൃഷ്ടിക്കപ്പെടും.
20. ഐ.സി.ഡി.എസ്. അങ്കണവാടി പ്രവർത്തനങ്ങളിൽ എ.ഐ.സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തും.
21. കുട്ടികളിലെ വളർച്ചാമുരടിപ്പ്, തൂക്കക്കുറവ്, അമിത വണ്ണം, സൂക്ഷ്മ പോഷണ കുറവ് തുടങ്ങിയവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
22. പ്രത്യേക ആരോഗ്യ സംരക്ഷണം ആവശ്യമുള്ള കുട്ടികൾ (ഭിന്നശേഷിക്കാർ, ഗുരുതര രോഗം ബാധിച്ചവർ, കിടപ്പുരോഗികളായ കുട്ടികൾ) എന്നിവർക്ക് പ്രത്യേക പരിരക്ഷ നൽകും.
23. 100 ശതമാനം കുഞ്ഞുങ്ങൾക്കും ജനിച്ച് ആദ്യത്തെ ഒരു മണിക്കൂറിനുള്ളിൽ തന്നെ മുലപ്പാൽ ലഭ്യമാക്കുന്നതിന് കുടുംബാംഗങ്ങളെയും ആശുപത്രി ജീവനക്കാരെയും പര്യാപ്തരാക്കും.

സ്ത്രീ ശാക്തീകരണത്തിലും, സ്ത്രീ സംരക്ഷണത്തിലും, ശിശു സംരക്ഷണത്തിലും ശിശു വികസന മേഖലയിലും കാര്യക്ഷമവുമായ ഇടപെടലുകൾ നടത്തിയും, നയ രൂപീകരണങ്ങൾ നടത്തിയും,

പദ്ധതികൾ രൂപീകരിച്ചും എല്ലാ വകുപ്പുകളുമായി സംയോജിച്ച് സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഉറപ്പാക്കി സ്ത്രീ സൗഹാർദ്ദവും ശിശു സൗഹാർദ്ദവുമായ കേരളത്തെ 2031 വർഷമാകുന്നതോടെ വാർത്തെടുക്കുവാൻ സാധിക്കുന്നതിനാണ് "വിഷൻ 2031" ലക്ഷ്യമിടുന്നത്.

for

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

സോഫി ജേക്കബ്
അസിസ്റ്റന്റ് ഡയറക്ടർ
പെൻ നമ്പർ-457974
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012